

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

നന്നമ്പ്ര ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in
ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ:
കെ.എസ്.എ.എം.പി.എം15/1764/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 01/11/2024
ഇ-മെയിൽ: dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നന്നമ്പ്ര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നന്നമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നന്നമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: തീയ്യതി: 01/11/2024
കെ.എസ്.എ.എം.പി.എം15/1764/2024

മലപ്പുറം ജില്ലയിലെ നന്നമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ നന്നമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 25-07-2023 മുതൽ 04-08-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 44 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 14-08-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി.ചിത്രലേഖ.കെ.കെ കെഎഎസ്	ഡെപ്യൂട്ടി ഡയറക്ടർ	05-08-2024	14-08-2024

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
05-08-2024	14-08-2024

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. അബ്ദുൽ റഷീദ്.എം.പി, ഓഡിറ്റ് ഓഫീസർ
ശ്രീ. ഷാജഹാൻ ഖുറൈഷി.എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.അനീത് ബാബു.കെ.ടി,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.ഹസീന.സി, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി.റഹിയാനത്ത് .പി.കെ	പ്രസിഡന്റ്	01-04-2023	31-03-2024
ശ്രീ.പ്രദീപൻ.പി.കെ	സെക്രട്ടറി	01-04-2023	12-07-2023

ശ്രീമതി.സുകുമാരി.എം	സെക്രട്ടറി-ഇൻ-ചാർജ്ജ്	13-07-2023	09-08-2023
ശ്രീ.ദേവേഷ്.എസ്	സെക്രട്ടറി	10-08-2023	14-12-2023
ശ്രീമതി.സുകുമാരി.എം	സെക്രട്ടറി-ഇൻ-ചാർജ്ജ്	15-12-2023	16-12-2023
ശ്രീ.ദേവേഷ്.എസ്	സെക്രട്ടറി	17-12-2023	31-03-2024

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.സലീഷ്.എ	അസിസ്റ്റന്റ് സെക്രട്ടറി	01-04-2023	10-07-2023
ശ്രീമതി.സുകുമാരി.എം	അസിസ്റ്റന്റ് സെക്രട്ടറി	11-07-2023	31-03-2024
ശ്രീമതി.ആർഷ	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2023	24-05-2023
ശ്രീ.മഹേഷ്.ഒ	അസിസ്റ്റന്റ് എഞ്ചിനീയർ	25-05-2023	14-02-2024
ശ്രീമതി.സരിത.വി	അസിസ്റ്റന്റ് എഞ്ചിനീയർ	15-02-2024	31-03-2024
ശ്രീ.സബീർ ഹുസൈൻ.കെ.വി	വെറ്റിനറി സർജൻ	01-04-2023	31-03-2024
ഡോ.ശ്രീമനിത.എം.എൻ	മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.സി)	01-04-2023	02-10-2023
ഡോ.നീരജ.വി	മെഡിക്കൽ ഓഫീസർഎഫ്.എച്ച്.സി)	03-10-2023	17-11-2023
ഡോ.മുഹമ്മദ്.സഹീർ.സി.പി	മെഡിക്കൽ ഓഫീസർഎഫ്.എച്ച്.സി)	18-11-2023	29-12-2023
ഡോ.ശ്രീമനിത.എം.എൻ	മെഡിക്കൽ ഓഫീസർഎഫ്.എച്ച്.സി)	30-12-2023	31-03-2024
ശ്രീമതി.ആരുണി.പി.എസ്	കൃഷി ഓഫീസർ	01-04-2023	07-06-2023
ശ്രീ.സിനിജദാസ് .കെ	കൃഷി ഓഫീസർ	08-06-2023	31-03-2024
ശ്രീമതി.രജിത.ടി	ഐ.സി.ഡി.എസ് സൂപ്പർവൈസർ	01-04-2023	20-06-2023
ശ്രീമതി.പങ്കജം.പി	ഐ.സി.ഡി.എസ് സൂപ്പർവൈസർ	21-06-2023	31-03-2024
ശ്രീ.ഗണേഷ്.എസ്	വി.ഇ.ഒ	01-04-2023	05-07-2023
ശ്രീമതി.സൂര്യ.വി.എം	വി.ഇ.ഒ	06-07-2023	08-11-2023
ശ്രീ.ഷാഹുൽ ഹമീദ്.എം	വി.ഇ.ഒ	09-11-2023	31-03-2024
ഡോ.ജോഷ്ന.കെ	മെഡിക്കൽ ഓഫീസർ(ആയുർവേദം)	01-04-2023	10-08-2023
ഡോ.പ്രസീന.ഇ.ആർ	മെഡിക്കൽ ഓഫീസർ(ആയുർവേദം)	11-08-2023	31-03-2024
ശ്രീമതി..നിഷ,.പി.കെ	ഹെഡ് മിസ്ട്രസ്	01-04-2023	31-03-2024

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല	1-1-1
3	അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.	1-1-2
4	ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല	1-1-3
5	ബാലൻസ് ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പും ട്രയൽ ബാലൻസ് പ്രകാരമുള്ള മുന്നിരിപ്പും തമ്മിൽ പൊരുത്തപ്പെടുന്നില്ല.	1-1-4
6	സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തിയില്ല.	1-1-5
7	ഗുണഭോക്തൃവിഹിതമിനത്തിൽ ചെലവഴിക്കാൻ തുക അവശേഷിക്കുന്നു.	1-1-6
8	ബജറ്റ്	1-2
9	സാമ്പത്തിക വിശകലനം	1-3
10	ഫണ്ട് വിനിയോഗം(ACR പ്രകാരം)	1-4
11	പദ്ധതി അവലോകനം	1-5
12	തൊഴിലുറപ്പ് പദ്ധതി	1-6
13	ക്ഷേമപദ്ധതികൾ	1-7
14	ക്യാഷ് പരിശോധന	1-8
15	ആഭ്യന്തര നിയന്ത്രണം	1-9
16	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
17	"ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ-മാലിന്യ സംസ്കരണം ഹരിതകർമസേനയിലൂടെ":അവലോകനം	1-11
18	കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിൽ മുതൽകൂട്ടുന്നില്ല	1-12
19	ലൈസൻസ് പിരിവ് - അപാകതകൾ	1-13
20	ടർഫുകൾക്ക് നികുതി നിർണ്ണയിക്കാൻ നടപടികൾ സ്വീകരിച്ചില്ല	1-14
21	രജിസ്റ്റർ ചെയ്യാതെയും തൊഴിൽ നികുതി അടവാക്കാതെയും സ്വകാര്യ ആശുപത്രി പ്രവർത്തിക്കുന്നു	1-15
22	വസ്തു നികുതി പരിഷ്കരണം-ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള കെട്ടിടങ്ങളുടെ വിവര ശേഖരണം പൂർത്തിയാക്കിട്ടില്ല.	1-16
23	വസ്തു നികുതി നിർണ്ണയത്തിലെ അപാകതകൾ	1-17
24	തൊഴിൽ നികുതി -അപാകതകൾ	1-18
25	കറന്റ് അക്കൗണ്ടിൽ 1,13,08,701 രൂപ-പലിശയിനത്തിൽ വരുമാന നഷ്ടം.	1-19
26	പ്രോജക്ടുകൾ ഭൂരിഭാഗവും നടപ്പിലാക്കിയില്ല- വകയിരുത്തിയ ഫണ്ടിൽ വൻ തുക ലാപ്സായി	1-20
27	നിർവ്വഹണ ഉദ്യോഗസ്ഥരുടെ ചെലവ് രേഖകളിലെയും രജിസ്റ്ററുകളിലെയും അപാകതകൾ	1-21
28	പൾസ് കുടുംബശ്രീ ജില്ലാ തല ബ്ലഡ് ഡോണേഴ്സ് ഫോറം - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ	1-22
29	എം.ജി.എൻ.ആർ.ഇ.ജി.എസ്-ന് സുരക്ഷാ ഉപകരണങ്ങൾ വാങ്ങൽ പദ്ധതിയിലെ അപാകതകൾ	1-23
30	പാലിന് സബ്സിഡി- പ്രൊജക്ടുകൾ നടപ്പിലാക്കുന്നില്ല	1-24
31	ഹോമിയോ മരുന്നുകൾ മുഴുവൻ ലഭ്യമായില്ല	1-25
32	സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ -അപാകതകൾ	1-26-1
33	സ്ട്രീറ്റ് ലൈറ്റ് റിപ്പയർ- അപാകതകൾ	1-26-2
34	ഒരേ ഇലക്ട്രിക് പോസ്റ്റിലെ വിളക്കുകൾ രണ്ട് പ്രൊജക്ടുകൾ പ്രകാരം ഒരേ കാലയളവിൽ മാറ്റി സ്ഥാപിച്ചു	1-26-3
35	തെരുവ് വിളക്ക് പരിപാലന പദ്ധതികൾ - അപാകതകൾ	1-26
36	ഡിസ്കൗണ്ട് ലഭ്യമായില്ല- പത്രപരസ്യം നൽകിയതിന് അധികച്ചെലവുണ്ടായി.	1-27
37	ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്-അധികം നൽകിയ 1300രൂപ തടസ്സം ചെയ്യുന്നു	1-28

38	ഫെസ്റ്റിവൽ അഡ്വാൻസ് തുക അടവാക്കിയത് - രശീതി ഹാജരാക്കിയില്ല	1-29
39	എസ്.എസ്.കെ. വിഹിതം അടവാക്കൽ - രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവ് തടസ്സം ചെയ്യുന്നു	1-30
40	സ്കൂളുകളിലേക്ക് സൗണ്ട് ബോക്സ്, മൈക്ക് സ്പീക്കർ വാങ്ങൽ -നിർവ്വഹണത്തിലെ അപാകതകൾ	1-31
41	തുല്ല്യത പരീക്ഷ-രേഖകൾ ലഭ്യമാക്കാത്തതിനാൽ ₹1,48,250തടസ്സം ചെയ്യുന്നു.	1-32
42	പാലപ്പറത്താഴം മുക്കായി കൈതവളപ്പ് റോഡ് പുനരുദ്ധാരണം വാർഡ്-21-പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ	1-33
43	ഗ്രാമപഞ്ചായത്തിലെ പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ് അപാകതകൾ	1-34
44	അംഗനവാടികൾ- ഭൗതീക സൗകര്യങ്ങൾ പര്യാപ്തമല്ല.	1-35
45	ടെണ്ടർ ഫീ പഞ്ചായത്ത് ഫണ്ടിലേക്ക് കൈമാറിയിട്ടില്ല	1-36
46	പാലിയേറ്റീവ് കെയർ- പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ	1-37
47	വാഹന വാടക - കരാറുകാരനിൽ നിന്നും ആദായ നികുതി ഈടാക്കിയില്ല.	1-38
48	മരുന്നുകൾ ലഭ്യമാക്കാൻ അവശേഷിക്കുന്നു.	1-39
49	ഗ്രാമപഞ്ചായത്തിലെ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല	1-40
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
--- No Records Found ---		
ഭാഗം 4		
1	വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം	4-1
2	സംയുക്തപ്രൊജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം	4-2
3	നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-4
5	വായ്പ / വായ്പാ തിരിച്ചടവ്	4-5
6	സ്ഥിര നിക്ഷേപം	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ	4-8
9	ചാർജ് /സർചാർജ് നടപടികളുടെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1
പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. നന്നമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2024 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 28.05.2024 തീയതിയിലെ 1/ നം. തീരുമാനം പ്രകാരം അംഗീകരിച്ച് 05.06.2024 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി,നന്നമ്പ്ര ഗ്രാമപഞ്ചായത്തിന്റെ (2023-24) വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2024ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2024 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം: മലപ്പുറം

തീയതി:01-11-2024

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം.
മലപ്പുറം

1-1-1 ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല

ആസ്തി രജിസ്റ്റർ(സ്ഥിരം) കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് (B-11 Schedule) ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

1-1-2 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

1-1-3 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റുമെന്റിലെ ' Net Increase In Cash And Cash Equivalance ' ആയി രേഖപ്പെടുത്തിയ തുകയും (16787948 രൂപ) ഇതേ പത്രികയിൽ 'Net Cash Generated By Operating + Investing + Financing Activity ' (A+B+C) ആയി

രേഖപ്പെടുത്തിയ തുകയും (-9460644 രൂപ) തുല്യമല്ല.

1-1-4 ബാലൻസ് ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പും ട്രയൽ ബാലൻസ് പ്രകാരമുള്ള മുന്നിരിപ്പും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

Excess Of Income Over Expenditure ഇനത്തിൽ 4,67,84,408 രൂപയാണ് 31.03.23 ന് നീക്കിയിരിപ്പായി ഉള്ളത് (മുൻവർഷത്തെ വാർഷിക കണക്ക് പ്രകാരം). എന്നാൽ മുന്നിരിപ്പായി 11,82,42,716 രൂപയാണ് തൻവർഷ വാർഷികകണക്കിൽ രേഖപ്പെടുത്തിയത്.തുക വ്യത്യാസത്തിന് കാരണം വ്യക്തമാക്കിയിട്ടില്ല.

1-1-5 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തിയില്ല.

അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവുകൾക്ക് വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് എൻട്രി നടത്താതെ 31.03.2024 തീയ്യതിയിൽ മാത്രമാണ് ഡിമാന്റ് എൻട്രി വരുത്തിയിട്ടുള്ളത്.

1-1-6 ഗുണഭോക്തൃവിഹിതമിനത്തിൽ ചെലവഴിക്കാൻ തുക അവശേഷിക്കുന്നു.

ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂൾ പ്രകാരം ബെനിഫിഷറി കോൺട്രിബ്യൂഷൻ ഹെഡിൽ (320800101) ₹9,43,093 രൂപ ബാക്കി നിൽക്കുന്നു. ആയത് ഏതെല്ലാം പ്രൊജക്ടുകളിലെ ഗുണഭോക്തൃവിഹിതമിനത്തിൽ ചെലവഴിക്കാൻ അവശേഷിക്കുന്ന തുകയാണെന്ന് വ്യക്തമാക്കിയിട്ടില്ല.

1-2 ബജറ്റ്

2023-24 ലെ ബജറ്റ് പാസ്സാക്കിയ നം./തീയ്യതി	(പുതുക്കിയത്) തീരുമാന നം./ തീയ്യതി
(1)/14.03.2023	(1)/ 07.02.2024

1-3 സാമ്പത്തിക വിശകലനം

ഇനം	തുക
മുന്നിരിപ്പ്	3,82,44,667
വരവ്	117450355
ആകെ	155695022
ചെലവ്	100662407
നീക്കിയിരിപ്പ്	5,50,32,615

(കുറിപ്പ്- വരവ് RP+ ACR ചെലവ് +B Fund +EFMS എന്നിവ ചേർന്നതാണ്)

1-4 ഫണ്ട് വിനിയോഗം(ACR പ്രകാരം)

ഫണ്ടിനം	മുൻബാക്കി	തൻവർഷ വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
വികസന ഫണ്ട് പൊതുവിഭാഗം	0	2,32,41,400	2,32,41,400	1,59,18,707	73,22,693
വികസന ഫണ്ട് – എസ്.സി.പി.	0	27,16,357	27,16,357	21,80,000	5,36,357
വികസന ഫണ്ട് – ടി.എസ്.പി.	0	0	0	0	0
സംരക്ഷണ-ഗ്രാന്റ് റോഡ്	0	63,04,000	63,04,000	38,45,892	24,58,108
സംരക്ഷണ ഗ്രാന്റ് – നോൺറോഡ്	0	40,98,000	40,98,000	30,32,694	10,65,306
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied Grant)	0	30,87,500	30,87,500	13,79,448	17,08,052
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied Grant)	0	41,17,000	41,17,000	20,69,800	20,47,200

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം	പദ്ധതി	നടപ്പാക്കിയത്	പദ്ധതി	ഭാഗിക-	നടപ്പാക്കാ	പൂർത്തീ-

ലഭിച്ചത് (എണ്ണം)	അടങ്കൽ	(എണ്ണം)	ചെലവ്	മായി നടപ്പാക്കിയത് (എണ്ണം)	ത്തവ എണ്ണം)	കരിച്ച പ്രോജക്ടു-കളുടെ ശതമാനം
215	236070491	103	46404464	0	112	47.90

1-6 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരുപ്പ്
ഭരണ ചെലവുകൾ	4,00,386	4,76,078	8,76,464	8,68,085	8379
ഗുണഭോക്താ-ക്കൾക്ക് നേരിട്ട് നൽകുന്നത്	0	77,11,180	77,11,180	77,11,180	0

1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽരഹിത വേതനം	0	0
കർഷകതൊഴിലാളി പെൻഷൻ	22,76,800	1500
വിധവാപെൻഷൻ	1,32,26,900	9389
വാർദ്ധക്യകാല പെൻഷൻ	2,69,33,700	18662
വികലാംഗപെൻഷൻ	58,56,500	3709
വിവാഹ ധനസഹായം	60,000	2
50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	2,16,000	135

1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 06.08.2024 ന് 2.30 പി.എം ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 10629/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. എങ്കിലും 2023-24 സാമ്പത്തിക വർഷത്തെ വാർഷികകണക്കുകളുടെ പരിശോധനയിൽ ശ്രദ്ധയിൽപെട്ട പോരായ്മകൾ ചുവടെ ചേർക്കുന്നു.

1. സ്ഥിരാസ്തികളുടെ ഭൗതിക പരിശോധന പ്രതി വർഷം നടത്തി ആസ്തി രജിസ്റ്ററുകൾ കാലികമാക്കിയിട്ടില്ല. ഓരോ സാമ്പത്തിക വർഷത്തിന്റെയും ആരംഭത്തിൽ മുൻ വർഷം ആസ്തി രജിസ്റ്ററിൽ വന്നിട്ടുള്ള മാറ്റങ്ങളുടെ സംഗ്രഹ റിപ്പോർട്ട് ഭരണ സമിതിയ്ക് സമർപ്പിക്കുകയും, ഭരണ സമിതിയുടെ അംഗീകാരത്തോടെ ഡിജിറ്റൽ രജിസ്റ്റർ പുതുക്കി തയ്യാറാക്കേണ്ടതുമാണ്. പൂർണ്ണമാക്കിയ രജിസ്റ്ററിന്റെ ഒരു പ്രിന്റ് സെക്രട്ടറിയും എൻജിനീയറും സാക്ഷ്യപ്പെടുത്തേണ്ടതാണ്. (തദ്ദേശ സ്വയം ഭരണ (ഡി.ബി.) വകുപ്പ്- 13.01.2010ലെ 58608/ഡി.ബി2/09 സർക്കുലർ. , 2011 ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 58 (4)(ബി)).ആയത് പാലിച്ചിട്ടില്ല.

2.ഗവ.സർക്കുലർ 86/2010/ ഫിൻ തീ.24.09.10 പ്രകാരം കമ്പ്യൂട്ടർ ഹാർഡ്വെയർ ,സോഫ്റ്റ് വെയർ എന്നിവയ്ക്കു പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കണം എന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. എന്നാൽ കമ്പ്യൂട്ടർ ഹാർഡ്വെയർ സോഫ്റ്റ് വെയർ എന്നിവയ്ക് പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ പരിപാലിച്ചിട്ടില്ല.

3. നികുതി വരുമാനങ്ങൾ വർദ്ധിപ്പിക്കുന്ന കാര്യത്തിലും നികുതി പുരോഗതി വിലയിരുത്തുന്ന കാര്യത്തിലും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമല്ല. ട്രഡേഴ്സിന്റെ വിവരങ്ങൾ സംബന്ധിച്ച്സ്റ്റാന്റിംഗ് കമ്മിറ്റി എടുത്ത തീരുമാനങ്ങൾ പൂർണ്ണമായി നടപ്പാക്കുന്നതിന് സാധിച്ചിട്ടില്ല.

4. വർക്കിംഗ് ഗ്രൂപ്പുകൾ അവയുടെ നിയമപരമായ ചുമതല നിർവ്വഹിക്കുന്നില്ല. പദ്ധതികളുടെ മോണിറ്ററിംഗ് കാര്യക്ഷമമല്ല.(പ്രത്യേക പരാമർശം 1-40 കാണുക)
5. കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ മുതൽക്കൂട്ടുന്നതിന് ശ്രമങ്ങൾ ഉണ്ടായില്ല.
6. പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കുന്നതിന് സാധിച്ചിട്ടില്ല.(47.90%)

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തിയ്യതി
പെർഫോമൻസ് ഓഡിറ്റ്	13.12.2022	11/2022	22.12.2022
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	03.02.2017	2015-16	29.03.2017

1-11 "ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ-മാലിന്യ സംസ്കരണം ഹരിതകർമസേനയിലൂടെ":അവലോകനം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 07.06.2024 ലെ ഡി.കെ.എസ്.എ.471/സി.എ.ആർ.3/2024 നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് "ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - കേരളത്തിലെ മാലിന്യ സംസ്കരണം ഹരിതകർമസേനയിലൂടെ " എന്ന വിഷയത്തിൽ നന്നമ്പ്ര ഗ്രാമ പഞ്ചായത്തിലെ ഹരിതകർമ്മ സേനയുമായും മാലിന്യ സംസ്കരണവുമായും ബന്ധപ്പെട്ട് നടത്തിയ അവലോകനം.

1). അടിസ്ഥാന വിവരങ്ങൾ

1)പഞ്ചായത്തിലെ ആകെ ജനസംഖ്യ		40544
2)ആകെ വാർഡുകളുടെ എണ്ണം		21
വാർഡ് നമ്പർ	3)ഓരോ വാർഡിലേയും ആൾ താമസമുള്ള വീടുകളുടെ എണ്ണം	4)ഓരോ വാർഡിലും പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ എണ്ണം
1	501	42
2	382	37
3	444	138
4	553	72
5	551	24
6	604	99
7	409	28
8	462	70
9	438	183
10	517	67
11	515	607
12	484	124
13	488	161
14	507	61
15	509	62
16	431	21
17	530	50
18	457	59
19	472	59
20	396	182
21	393	27
ആകെ	10043	2173
5) ഹരിത കർമ്മ സേനയിലെ അംഗങ്ങളുടെ എണ്ണം		30
6)വാർഡിലെ എല്ലാ ഭവനങ്ങളും സ്ഥാപനങ്ങളും		ഉണ്ട്

ഉൾപ്പെട്ടിട്ടുണ്ടോ	

2 മാലിന്യ ശേഖരണ കാര്യക്ഷമത

മാലിന്യ ശേഖരണത്തിനായി കലണ്ടർ മുൻകൂട്ടി തയ്യാറാക്കുകയും ഷെഡ്യൂൾ ചെയ്ത പ്രകാരം മാലിന്യ ശേഖരണം നടത്തുകയും ചെയ്യുന്നുണ്ട്. ഹരിത കർമ്മ സേനാംഗങ്ങളും, ജനപ്രതിനിധികളും, ഉദ്യോഗസ്ഥരും , കുടുംബശ്രീ പ്രവർത്തകർ, യുവജന സംഘങ്ങൾ, സ്കൂളുകളിലെ IEC Activites എന്നിവരുടെ കൂട്ടായ പരിശ്രമത്തിലൂടെ ഗ്രാമ പഞ്ചായത്തിലെ എല്ലാ ഭവനങ്ങളെയും സ്ഥാപനങ്ങളെയും മാലിന്യ ശേഖരണത്തിൽ ഉൾപ്പെടുത്താൻ സാധിച്ചിട്ടുണ്ട്. ഹരിതമിത്രം ആപ്പ് സംവിധാനം പ്രാവർത്തികമാക്കി വരുന്നു.

3) മാലിന്യ വേർത്തിരിവ് പാലിക്കൽ

ശേഖരിക്കുന്ന മാലിന്യങ്ങൾ 40 ശതമാനത്തോളം ഉറവിടത്തിൽ തന്നെ വേർതിരിച്ച് ക്രമീകരിക്കുന്നു. ഉറവിടത്തിൽ തന്നെ സെഗ്രിഗേഷൻ നടത്തി ഇനം തിരിച്ച് മാലിന്യം ഹരിതകർമ്മസേനയ്ക്ക് കൈമാറുന്നതിനു വേണ്ടി പൊതുജനങ്ങൾക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. 60 ശതമാനത്തോളം മാലിന്യം MCF ൽ എത്തിച്ച് വേർതിരിച്ചു പരിപാലിക്കുന്നു. റിജകട്ഡ് വേസ്റ്റ് നീക്കം ചെയ്യുന്നതും സെഗ്രിഗേറ്റഡ് വേസ്റ്റ് നൽകുന്നതും ഗ്രീൻ വേർമ്സ് , കോഴിക്കോട് എന്ന കമ്പനിയാണ്.

4. റീസൈക്ലിംഗ്

പുനരുപയോഗം സാധ്യമാകുന്ന വസ്തുക്കൾ ഉപയോഗിക്കാൻ പ്രോത്സാഹിപ്പിക്കുന്നുണ്ട്. ഉദാഹരണമായി സാരി, മാക്സി മുതലായ തുണിത്തരങ്ങൾ ഉപയോഗിച്ച് മാലിന്യം ശേഖരിക്കുന്നതിനാവശ്യമായ ചാക്കുകൾ ഉണ്ടാക്കുന്നു. ലാൻഡ്ഫില്ലുകളിൽ (പാതയോരങ്ങളിലും പൊതു ഇടങ്ങളിലും വഴിയോരത്ത് സ്ഥാപിച്ചിട്ടുള്ള ബിന്നുകൾ, ജല സ്രോതസ്സുകൾ എന്നിവിടങ്ങളിൽ നിന്നും ലഭിക്കുന്ന മിക്സഡ്/ലെഗസി മാലിന്യം)നിന്നും ലഭിക്കുന്ന മാലിന്യം MCFൽ എത്തിച്ച് സെഗ്രിഗേറ്റ് ചെയ്ത് പ്രോസസ് ചെയ്യുന്നു. റീസൈക്ലിംഗ് പ്രോസസ് നടപ്പാക്കുന്നില്ല.

5. കമ്മ്യൂണിറ്റി എൻഗേജ്മെന്റ്

മാലിന്യ സംസ്കരണ രീതികളെക്കുറിച്ച് പൊതുജനങ്ങളെ ബോധവത്കരിക്കുന്നതിനായി ബോധവല്കരണ നോട്ടീസുകൾ, മൈക്ക് അനൗൺസ്മെന്റ്, നവ മാധ്യമങ്ങൾ വഴിയുള്ള ബോധവല്കരണം, NSS,CSSവിദ്യാർത്ഥികളെ ഉപയോഗിച്ചുള്ള ബോധവല്കരണം, ഫുട്ബോൾ മേള (എൻട്രി ഫീ ആയി പൊതു സ്ഥലങ്ങളിൽ നിന്നും ശേഖരിച്ചിട്ടുള്ള അജൈവ മാലിന്യം കുറഞ്ഞത് 20 കിലോഗ്രാം), എന്നിവ നടത്തിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഗ്രാമ പഞ്ചായത്തിലെ വിവിധ കേന്ദ്രങ്ങളിലായി 12 ബോധവത്കരണ ക്യാമ്പയിനുകൾ നടത്തിയിട്ടുണ്ട്.

6).തൊഴിൽ സൃഷ്ടിക്കൽ

ഹരിതകർമസേനാംഗങ്ങൾക്കും വാഹനഡ്രൈവർക്കും പ്രത്യക്ഷമായ തൊഴിൽ നല്കുന്നതിനും റിജക്ടഡ് വേസ്റ്റ് പരിപാലിക്കുന്ന ഏജൻസിയിലെ ജീവനക്കാർക്കും പരോക്ഷമായും തൊഴിൽ നല്കുന്നതിന് സാധിക്കുന്നു. പ്രതിമാസം 600 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ശരാശരി 8000 രൂപയോളം പ്രതിമാസം വേതനയിനത്തിൽ ഓരോ ഹരിതകർമ്മസോംഗങ്ങൾക്കും ലഭ്യമാകുന്നുണ്ട്. നിലവിൽ വയബിലിറ്റി ഗ്യാപ് ഫണ്ട് ഉപയോഗിക്കേണ്ടി വരുന്നില്ല.

7).അടിസ്ഥാന സൗകര്യ വികസനം

നിലവിൽ 2 MCF കളാണ് ഗ്രാമപഞ്ചായത്തിൽ ഉള്ളത്. ആയത് വാടക കെട്ടിടത്തിലാണ് MCFകൾ പ്രവർത്തിക്കുന്നത്. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി 4 മിനി എംസിഎഫുകൾ പ്രവർത്തിക്കുന്നുണ്ട്. മാലിന്യം നീക്കം ചെയ്യുന്നതിന് ഗ്രാമപഞ്ചായത്തിന് സ്വന്തമായി ഒരു വാഹനം 2023-24 പദ്ധതിയിൽ വാങ്ങിയിട്ടുണ്ട്. ആയതിന്റെ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാവാത്തതിനാൽ വാടകയ്ക്ക് എടുത്ത വാഹനത്തിലാണ് നിലവിലും മാലിന്യ നീക്കം നടത്തുന്നത്. കുടുംബശ്രീ വഴി ഹരിതകർമസേനയിലെ 5 അംഗങ്ങൾക്ക് ഡ്രൈവിംഗ് പരിശീലനം നൽകി വരുന്നു. ഹരിതകർമസേനാംഗങ്ങൾക്ക് ആവശ്യമായ ഓഫീസ് സൗകര്യം പഞ്ചായത്ത് കെട്ടിടത്തിൽ തന്നെ സജ്ജീകരിച്ചിട്ടുണ്ട്.

8). പാരിസ്ഥിതിക ആഘാതം

നിരോധിത പ്ലാസ്റ്റിക് ഉല്പന്നങ്ങൾ ഉപയോഗിച്ചതിന് 40000/- രൂപയും, മാലിന്യം പൊതുയിടങ്ങളിൽ തള്ളിയതിന് 42000/- രൂപയും പിഴ ചുമത്തിയിട്ടുണ്ട്.

9). പരിശീലനവും വികസനവും

ഹരിത കർമ്മ സേനാംഗങ്ങൾക്ക് മാലിന്യ സംസ്കരണത്തിൽ അവരുടെ കഴിവുകളും അറിവും വർദ്ധിപ്പിക്കാനും തുടർച്ചയായ പുരോഗതിയും പ്രൊഫഷണൽ വികസനവും ഉറപ്പാക്കാനും വേണ്ടി ഗ്രീൻ വേർമ്സിന്റെ നേതൃത്വത്തിൽ പരിശീലനങ്ങൾ നൽകിയിട്ടുണ്ട്.

10). നിയമങ്ങൾ പാലിക്കൽ

21.03.2023 ലെ 8(1) നമ്പർ തീരുമാന പ്രകാരം കരട് പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ബൈലൊ പഞ്ചായത്ത് ഭരണ സമിതി തയ്യാറാക്കുകയും അംഗീകാരത്തിനായി ഉചിതമാർഗ്ഗേന പഞ്ചായത്ത് ഡയറക്ടർക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. മാലിന്യനിർമ്മാർജ്ജനം, ശുചീകരണം എന്നിവ സംബന്ധിച്ച നിയമങ്ങൾ ജനങ്ങളെ ബോധവല്കരിക്കുന്നതിന് ബോധവല്കരണ ക്ലാസുകളും സെമിനാറുകളും നടത്തിയിട്ടുണ്ട്. ഓൺലൈൻ മീഡിയ, നോട്ടീസുകൾ, മുതലായവ വഴിയും പ്രചാരണം നടത്തിയിട്ടുണ്ട്. നിയമലംഘനം കണ്ടെത്തുന്നതിന് പരിശോധനകളും പിഴ ഉൾപടെയുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്. പഞ്ചായത്തിൽ നിന്നും വിവിധ സേവനങ്ങൾ ലഭിക്കുന്നതിന് യൂസർ ഫീ അടവ് കാർഡ് ഹാജരാക്കുന്ന വ്യവസ്ഥ ഉണ്ടാക്കിയിട്ടുണ്ട്.

11). ഹരിത കർമ്മ സേനാംഗങ്ങളുടെ പ്രവർത്തനം

ഗ്രാമപഞ്ചായത്തിൽ 21 വാർഡുകളിലേയ്ക്ക് 30 ഹരിതകർമസേനാംഗങ്ങളാണുള്ളത്. എല്ലാമാസവും പഞ്ചായത്ത് തല അവലോകന യോഗം നടത്തിവരുന്നു. ഹരിതകർമസേനയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ഹെൽത്ത് ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ സമയാസമയങ്ങളിൽ നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. ഹരിതകർമസേനയുടെ പ്രവർത്തനത്തിൽ പരിമിതികൾ ഉണ്ട്. ഹരിതകർമസേനാംഗങ്ങളുടെ കുറവ് മൂലം വാർഡ് ഒന്നിന് 2 പേരെ വീതം വിന്യസിക്കാൻ കഴിയുന്നില്ല. ആയതിനാൽ സമയ ബന്ധിതമായി സെഗ്രിഗേഷൻ പൂർത്തീകരിക്കാൻ കഴിയുന്നില്ല. പൊതു ജനങ്ങളിൽ നിന്നുള്ള നിസ്സഹകരണം മൂലം എല്ലാമാസവും 100% യൂസർഫീ നേടിയെടുക്കുന്നതിൽ പരിമിതിയുണ്ട്. 60 ശതമാനത്തോളം വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും മാത്രമേ യൂസർ ഫീ പിരിച്ചെടുക്കാൻ സാധിച്ചിട്ടുള്ളൂ. ഇക്കാര്യത്തിൽ ജനങ്ങളുടെ കാഴ്ചപ്പാട് മാറിവരുന്നതേയുള്ളൂ. MCF ന് സ്വന്തമായി സ്ഥലം ലഭിക്കാത്തതിനാൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കേണ്ടി വരുന്നതും ആയതിൽ തന്നെ ആവശ്യത്തിന് സ്ഥല സൗകര്യം ഇല്ലാത്തതും പരിമിതികൾ സൃഷ്ടിക്കുന്നുണ്ട്.

മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (MCF) റിസോഴ്സ് റിക്കവറിഫെസിലിറ്റി (RRF)

1). അടിസ്ഥാന വിവരങ്ങൾ

1)MCF/RRF (സ്ഥിരം /താത്കാലികം) എണ്ണം	2 MCF വാടക RRF ഇല്ല
2)ബെയ് ലിങ് /ഷ്രഡിങ് യുണിറ്റുകൾ ഉണ്ടോ ?	ഇല്ല.
3)അവയുടെ വാർഡ് തിരിച്ചുള്ള എണ്ണം	-
4)അവ പ്രയോജനപ്പെടുത്തുന്നുണ്ടോ ?	ഉണ്ട്
5)അവയ്ക്ക് അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടോ? (ടിപ്പിങ് ഏരിയ,സ്റ്റോറേജ് ഏരിയ,സോർട്ടിങ് ഏരിയ, മെഷിനറി ഏരിയ,,ശുചിമുറി തുടങ്ങിയവ	ഉണ്ട്
6)അവ സ്ഥിതിചെയ്യുന്ന സ്ഥലത്തിന്റെ വിവരങ്ങൾ	കൂണ്ടൂർ,വാർഡ് -9
7)അവയിലേക്ക് റോഡ് ഗതാഗത സൗകര്യം ലഭ്യമാണോ ?	ഉണ്ട്
8) അവയുമായി ബന്ധപ്പെട്ട് സാമൂഹിക പ്രശ്നങ്ങൾ നിലനിൽക്കുന്നണ്ടോ?	നിലവിൽ ഇല്ല

2). മാലിന്യ കൈമാറ്റ കാര്യക്ഷമത

ഹരിത കർമ്മ സേനാംഗങ്ങളുടെ കുറവ് മൂലം 45 ദിവസത്തിന്റെ ഇടവേളകളിൽ മാത്രമാണ് വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും അജൈവ മാലിന്യങ്ങൾ MCFലേക്കും തരം തിരിച്ച ശേഷം പാഴ്വസ്തുക്കൾ ഏജൻസിക്ക് കൈമാറാനും സാധിക്കുന്നുള്ളൂ.

3)മാലിന്യ സംഭരണ ശേഷി

1) ദിവസേന കൈകാര്യം ചെയ്യുന്ന മാലിന്യത്തിന്റെ അളവ് ജൈവം /അജൈവം	500 KG അജൈവം
കൈകാര്യം ചെയ്യുന്ന മാലിന്യത്തിനനുസൃതമായി MCF/RRF കൾക്ക് ആവശ്യത്തിന് വിസ്തൃതിയുണ്ടോ	സ്ഥല പരിമിതിയുണ്ട്
2)ആകെ വിസ്തൃതി	1) 58.3 ച.മീ 2) 40.54 ച.മീ
അജൈവ മാലിന്യം എത്ര ദിവസത്തേക്ക് അന്തിമ സംഭരണ ഏരിയയിൽ സൂക്ഷിക്കാൻ കഴിയുന്നു.	15 Days

4)മാലിന്യം കൈകാര്യം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ

മാലിന്യം ഇനം തിരിക്കുന്നത്	Types- HM,PP, MILK COVER, LD, REJECT, SCRAP, GLASS WASTE
തൊഴിലാളികളുടെ	1. Fire

സുരക്ഷയും പരിസ്ഥിതി സംരക്ഷണവും ഉറപ്പാക്കുന്നതിന് MCF/RRF -ൽ മാലിന്യ സംസ്കരണ പ്രോട്ടോക്കോളും സുരക്ഷാ നടപടികളും പാലിക്കൽ	Extinguisher 2. Mask ,Glouse, 3. Detol, Hand Wash

5)ശുചിത്വമാനദണ്ഡങ്ങൾ

എം.സി.എഫും പരിസരവും വൃത്തിയായി സൂക്ഷിച്ച് വരുന്നു.

6). യഥാസമയം മാലിന്യം കൈമാറുന്നത് സംബന്ധിച്ച്

വാർഡുകളിൽ നിന്നും 45 ദിവസത്തിന്റെ ഇടവേളയിൽ ഹരിതകർമസേനാംഗങ്ങൾ അജൈവമാലിന്യം ശേഖരിക്കുന്നു. അവ വാഹനത്തിൽ MCFൽ എത്തിച്ചശേഷം സെഗ്രിഗേറ്റ് ചെയ്യുന്നു. ഗ്രാമ പഞ്ചായത്തുമായി കരാറിലേർപ്പെട്ടിട്ടുള്ള ഗ്രീൻ വേർമ്സ് , കോഴിക്കോട് എന്ന കമ്പനിയാണ് റിജകട്ഡ് വേസ്റ്റ് നീക്കം ചെയ്യുന്നത്. സെഗ്രിഗേറ്റഡ് വേസ്റ്റ് നൽകുന്നതും ഈ സ്ഥാപനത്തിന് തന്നെയാണ് .

മറ്റു വിവരങ്ങൾ

ഹരിതകർമസേനയുടെ പ്രവർത്തനങ്ങൾക്കായി ഹരിതകർമസേനയുടെ പേരിൽ കേരള ബാങ്ക് വെള്ളിയംപുരം ശാഖയിൽ (090521201020006)അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. വീടുകളിൽ നിന്ന് മാലിന്യം ശേഖരിക്കുന്നതിന് വീട് ഒന്നിന് 50/- രൂപയും, കടകൾക്ക് 100/- രൂപയും ഫീസ് ഈടാക്കി വരുന്നു. ആയത് പിരിക്കുന്നതിന് പ്രത്യേകം തയ്യാറാക്കിയ രശീതി ബുക്കുകൾ ഉപയോഗിക്കുന്നു.

ആകെ വരവ്		ആകെ ചെലവ്	
ഗ്യാപ്പ് ഫണ്ട്	ഇല്ല	ഹരിത കർമ്മസേന ശമ്പളം	13,91,960
യൂസർഫീ	12,45,015	പർച്ചേഴ്സ്	-
സ്ക്രാപ്പ് വിൽപ്പന	2,59,851	മറ്റ് ചെലവ്	-
ക്ലീൻ കേരള	-		
മറ്റു വരവുകൾ			
ആകെ	15,04,866		13,91,960

2023-24 വർഷത്തിൽ ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾക്കായി വിവിധ പ്രൊജക്ടുകളിലായി താഴെ കാണിച്ച പ്രകാരം തുക വകയിരുത്തി ചെലവഴിച്ചിട്ടുണ്ട്.

ക്രമ	പ്രോജക്ട്	ഫണ്ടിനം	അടങ്കൽ	ചെലവ്
1	ഹരിത കർമ്മ സേനക്ക് വാഹനം വാങ്ങൽ	കേന്ദ്രാവിഷ്കൃത ഫണ്ട്-	10,00,000	9,39,861
2	സംസ്കരണ സ്ഥലത്തേക്ക് മാലിന്യം കൊണ്ടു പോകൽ	ധനകാര്യ കമ്മീഷൻ അവാർഡ്-300000 തനത് ഫണ്ട്-300000	6,00,000	3,25,430
3	ഹരിത മിത്രം ആപ്പ്	തനത് ഫണ്ട്	2,04,900	2,04,900
4	ആശ്രയ കുടുംബങ്ങളുടേയും ഘടക സ്ഥാപനങ്ങളുടേയും യൂസർ ഫീ ഇളവ് ഉള്ള വീടുകൾക്ക് വേണ്ടിയുള്ള പദ്ധതി(32/24)നൽകൽ	തനത് ഫണ്ട്	1,00,000	2950
5	എം.സി.എഫിന് അടിസ്ഥാന സൗകര്യം ഒരുക്കൽ	ധനകാര്യ കമ്മീഷൻ അവാർഡ്-178372/- തനത് ഫണ്ട്-21628	2,00,000	2600
6	ഹരിതകർമസേന വാഹന വാടക	ധനകാര്യ കമ്മീഷൻ അവാർഡ്-100000/- തനത് ഫണ്ട്-170000/-	2,70,000	1,12,416
7	എം.സി.എഫ്.അനുബന്ധ ചെലവുകൾ	ധനകാര്യ കമ്മീഷൻ അവാർഡ്-100000/-	3,00,000	1,05,983

		തനത് ഫണ്ട്- 200000		

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. ഗ്രാമ പഞ്ചായത്തിലെ മാലിന്യ ശേഖരണത്തിൽ ഹരിത കർമ്മ സേനയുടെ പ്രവർത്തനം തൃപ്തികരമാണെങ്കിലും അടിസ്ഥാന സൌകര്യങ്ങളുടെ അപര്യാപ്തത മാലിന്യശേഖരണത്തിനും സംസ്കരണത്തിനും വളരെയധികം ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നുണ്ട്. ഗ്രാമ പഞ്ചായത്തിന്റെ 2 MCF കളും വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ആയതിന് സ്ഥല സൗകര്യ പരിമിതികളുണ്ട്. ഗ്രാമ പഞ്ചായത്തിന് സ്വന്തം കെട്ടിടത്തിൽ എം.സി.എഫ് സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.
2. ഹരിത കർമ്മ സേനാംഗങ്ങളുടെ കുറവ് മൂലം വാർഡ് ഒന്നിന് 2 പേരെ വീതം വിന്യസിക്കാൻ കഴിയുന്നില്ല. ആയതിനാൽ സമയ ബന്ധിതമായി സെഗ്രിഗേഷൻ പൂർത്തീകരിക്കാൻ കഴിയുന്നില്ല. ആയതിനാവശ്യമായ പരിഹാര നടപടികൾ സ്വീകരിക്കേണ്ടതാണ്.
3. എല്ലാമാസവും 100% യൂസർഫീ നേടിയെടുക്കുന്നതിൽ പരിമിതിയുണ്ട്. മാലിന്യ നിർമ്മാർജ്ജനം പഞ്ചായത്തിന്റെ അനിവാര്യ ചുമതലയായതിനാൽ ഹരിതകർമസേനയുടെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തേണ്ടതും പൊതു ജനങ്ങളിൽ ആവശ്യമായ ബോധവല്കരണം നടത്തുകയും ചെയ്യേണ്ടതായിട്ടുണ്ട്.

1-12 കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിൽ മുതൽകൂട്ടുന്നില്ല

ഗ്രാമ പഞ്ചായത്തിന്റെ 2023-24 വാർഷിക കണക്കിലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-7 പ്രകാരവും ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരവും ചുവടെ ചേർത്ത ഡെപ്പോസിറ്റുകൾ അവശേഷിക്കുന്നുണ്ട്.

ക്രമ നം.	ഇനം	01.04.2023 തീയ്യതിയിലെ മുന്നിരിപ്പ് തുക (₹)	31.03.2024 തീയ്യതിയിലെ നീക്കിയിരിപ്പ് തുക (₹)
1	Contractors' Earnest Money Deposit	69455	76655
2	Suppliers' Earnest Money Deposit	95470	101556
3	Bidders' Earnest Money Deposit	19730	19730
4	Contractors' Security Deposit	77880	80080
5	Suppliers' Security Deposit	12411	7410
6	Other Deposit	1200	1200
7	Contractors' Retention	228103	230592
8	Suppliers' Retention	15111	18676
9	Election Deposit	95500	95500
10	Auction Deposit	5600	38100
	ആകെ		669499

ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ 2020-21 മുതലും അതിന് മുമ്പുമുള്ള ഡെപ്പോസിറ്റുകളാണ് അവശേഷിക്കുന്നത് എന്ന് വ്യക്തമായി. കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 56 (ബി) പ്രകാരം Liability Periodന് ശേഷം മൂന്ന് വർഷം കഴിഞ്ഞ ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതായിരുന്നു. മേൽ പറഞ്ഞവയിൽ കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടാൻ നടപടികൾ സ്വീകരിച്ചിട്ടില്ല. (നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിവരം അറിയിക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറി 40/13.08.2024 ന് മറുപടിയൊന്നും ലഭ്യമാക്കിയില്ല).
തുടർ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-13 ലൈസൻസ് പിരിവ് - അപാകതകൾ

1.ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കിയിട്ടില്ല

സാമ്പത്തിക വർഷാരംഭത്തിന് മുന്നോടിയായി FTE&OS ലൈസൻസിന്റെ ഡിമാന്റ്

തിട്ടപ്പെടുത്തുന്നതിലേക്കായി ഫീൽഡ് തല പരിശോധന നടത്തി പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വ്യാപാര-വ്യവസായ സംരംഭങ്ങളെ കണ്ടെത്തി വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും സ്ഥാപനങ്ങൾ ലൈസൻസെടുക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമുണ്ട്. എന്നാൽ നന്നമ്പ്ര ഗ്രാമപഞ്ചായത്തിലെ ലൈസൻസ് എടുക്കേണ്ട സ്ഥാപനങ്ങളുടെ ലിസ്റ്റ് കാലികമാക്കിയിട്ടില്ല.ഓരോ വർഷവും വാർഡ് തലത്തിൽ ഫീൽഡ് തല പരിശോധന നടത്തി വാർഡ് തല ട്രഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി വാണിജ്യസ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകേണ്ടതാണ്. ഗ്രാമപഞ്ചായത്തിലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 08-11-2023 ലെ III-ാം നമ്പർ തീരുമാനത്തിൽ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനായി പഞ്ചായത്തിനുള്ളിൽ പ്രവർത്തിച്ചു വരുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ ഉൾപ്പെടുത്തി ഡിസംബർ 31 നുള്ളിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുന്നതിന് തീരുമാനിക്കുകയുണ്ടായെങ്കിലും പൂർണ്ണമായി നടപ്പായിട്ടില്ല.

2.ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്നു.

കേരള പഞ്ചായത്ത്രാജ് ആക്ട്, സെക്ഷൻ 232(1) ൽ "ലൈസൻസ് കൂടാതെ ഏതാവശ്യത്തിനും സ്ഥലങ്ങൾ ഉപയോഗിക്കാൻ പാടില്ലെന്നും മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടകരമോ അസഹ്യതയുണ്ടാക്കുന്നതോ ആയേക്കാനിടയുള്ളവയുമായ ഏതെങ്കിലും കാര്യങ്ങൾക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെയും ആ ലൈസൻസിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾക്കനുസരണമല്ലാതെയും പഞ്ചായത്ത് പ്രദേശത്തുള്ള യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലെന്നും നിഷ്കർഷിച്ചിട്ടുണ്ട്." ഇതിന്റെ അടിസ്ഥാനത്തിൽ കല്യാണമണ്ഡപങ്ങൾ, ഹാളുകൾ, സ്വകാര്യ ആഡിറ്റോറിയങ്ങൾ എന്നിവയ്ക്ക് ലൈസൻസ് വേണമെന്ന് വ്യക്തമാണ്. എന്നാൽ 2023-24 സാമ്പത്തിക വർഷം ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് 2023-24 സാമ്പത്തിക വർഷത്തെ ലൈസൻസ് അനുവദിച്ചതായോ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതായോ കാണുന്നില്ല.

1. സഫ ഓഡിറ്റോറിയം, പാണ്ടിമുറ്റം
2. അക്ബർ ഓഡിറ്റോറിയം, കൊടിഞ്ഞി
3. മെഹർ പ്ലാസ ഓഡിറ്റോറിയം

മേൽ സ്ഥാപനങ്ങൾ 2023-24 സാമ്പത്തിക വർഷത്തെ ലൈസൻസ് അനുവദിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെയും സ്ഥാപന തൊ**ഴി**ൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെയും രേഖകൾ ഹാജരാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻകെയറിക്ക് (5/8.8.2024 &15/12.08.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി വിവരം അറിയിക്കേണ്ടതാണ്.കൂടാതെ മേൽ സ്ഥാപനങ്ങൾക്ക് 2023-24 സാമ്പത്തിക വർഷത്തെ ലൈസൻസ് അനുവദിച്ചതിന്റെയും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതിന്റെയും രേഖകൾ ലഭ്യമാക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിലെ മുഴുവൻ വ്യാപാര സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

1-14 ടർഫുകൾക്ക് നികുതി നിർണ്ണയിക്കാൻ നടപടികൾ സ്വീകരിച്ചില്ല

തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ് 05.04.2023 ലെ സ.ഉ.(അ)നം. 25/2023/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഗ്രാമ പഞ്ചായത്തിലെ കെട്ടിടങ്ങളുടെ ഉപയോഗക്രമം അനുസരിച്ച് ബാധകമായ അടിസ്ഥാന വസ്തു നികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികൾ 2023 ഏപ്രിൽ 1 മുതൽ പ്രാബല്യത്തിൽ ഉൾപ്പെടുത്തി വിജ്ഞാപനം ചെയ്തതത് പ്രകാരം നന്നമ്പ്ര ഗ്രാമപഞ്ചായത്തിൽ 30.09.2023 ലെ 1(1) തീരുമാന പ്രകാരം അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട് . ആയതു പ്രകാരം ഗ്രാമ പഞ്ചായത്തിലെ സ്വിമ്മിംഗ് പൂളുകൾ, ജിംനേഷ്യങ്ങൾ, ടർഫുകൾ എന്നിവക്ക് അടിസ്ഥാന വസ്തു നികുതിയായി 30/- രൂപ നികുതി നിശ്ചയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പരിസരത്തായി ഒരു ടർഫ് പ്രവർത്തിച്ചു വരുന്നതായി കാണപ്പെട്ടു.ആയതിന്റെ അടിസ്ഥാനത്തിൽ നന്നമ്പ്ര പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്ന ഇത്തരം സംവിധാനങ്ങൾക്ക് വസ്തുനികുതി നിർണ്ണയിച്ചതിന്റെ വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻകെയറിക്ക് (4/08.08.2024) സഞ്ചയ അസസ്സ്മെന്റ് പരിശോധിച്ചതിൽ സ്വിമ്മിംഗ് പൂളുകൾ ,ടർഫുകൾ ,ജിംനേഷ്യങ്ങൾ എന്നിവ ഇല്ലാത്തതിനാൽ വസ്തു നികുതി നിർണ്ണയം നടത്തിയിട്ടില്ല എന്നാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്.ഗ്രാമപഞ്ചായത്ത് പരിസരത്തായി പ്രവർത്തിച്ചു വരുന്ന ടർഫിന് നികുതി നിർണ്ണയിച്ച് ഫോറം 6 സഹിതം വിവരം അറിയിക്കേണ്ടതാണ്.

1-15 രജിസ്റ്റർ ചെയ്യാതെയും തൊഴിൽ നികുതി അടവാക്കാതെയും സ്വകാര്യ ആശുപത്രി പ്രവർത്തിക്കുന്നു

കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 270 പ്രകാരം സ്വകാര്യ ആശുപത്രികളും പാരാമെഡിക്കൽ സ്ഥാപനങ്ങളും രജിസ്റ്റർ ചെയ്യേണ്ടതും രജിസ്ട്രേഷൻ പുതുക്കേണ്ടതുമാണ്. സെക്ഷൻ 270 A പ്രകാരം രജിസ്റ്റർ ചെയ്യാതെയോ, രജിസ്ട്രേഷൻ റദ്ദ് ചെയ്തതിനുശേഷവും തുടർന്നുമോ, ഒരു സ്വകാര്യ ആശുപത്രിയോ പാരാമെഡിക്കൽ സ്ഥാപനമോ പരിപാലിക്കുകയോ നടത്തുകയോ ചെയ്യുന്ന ഏതൊരാളെയും കുറ്റസ്ഥാപനത്തിൻമേൽ അയ്യായിരം രൂപവരെ ആകാവുന്ന പിഴ ശിക്ഷയും കുറ്റം തുടരുന്ന ഓരോ ദിവസത്തിനും അഞ്ഞൂറു രൂപവരെയാകാവുന്ന അധിക പിഴശിക്ഷയും നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

നന്നമ്പ്ര ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ടി.എം.സി ഹോസ്പിറ്റൽ എന്ന സ്ഥാപനത്തിന് 2023-24 വർഷത്തിൽ ലൈസൻസ് അനുവദിച്ചതായി കാണുന്നുണ്ടെങ്കിലും കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 270 പ്രകാരമുള്ള രജിസ്ട്രേഷൻ പുതുക്കിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. കൂടാതെ 2023-24 വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും

ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയതായും കാണുന്നില്ല (ലൈസൻസ് അപേക്ഷയിൽ 5 ജീവനക്കാരുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്.)

മേൽ സ്ഥാപനം കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 270 പ്രകാരം ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെയും ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെയും രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻകയറിക്ക് (14/2023-24/12.08.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സ്ഥാപനം ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്തതിന്റെയും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിന്റെയും രേഖകൾ ലഭ്യമാക്കേണ്ടതാണ്.

1-16 വസ്തു നികുതി പരിഷ്കരണം-ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള കെട്ടിടങ്ങളുടെ വിവര ശേഖരണം പൂർത്തിയാക്കിട്ടില്ല.

ഗ്രാമപഞ്ചായത്തിലും നഗരസഭകളിലും 01.04.2023 തീയതി പ്രാബല്യത്തിൽ വസ്തു നികുതി പരിഷ്കരിക്കുന്ന നടപടികളുടെ ഭാഗമായി ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള കെട്ടിടങ്ങളുടെ ശരിയായ വിവരങ്ങൾ സഞ്ചയസോഫ്റ്റ്വെയറിൽ ചേർക്കുന്നതിനുള്ള നിർദ്ദേശങ്ങൾ 22/03/2023 തീയതിയിലെ 77/2023/എൽ.എസ്.ജി.ഡി നമ്പർ ഉത്തരവ് പ്രകാരം ലഭ്യമാക്കിയിട്ടുണ്ട്.മേൽ ഉത്തരവ് ഖണ്ഡിക നമ്പർ 10 പ്രകാരം 30/06/2023 തീയതിക്കുള്ളിൽ കെട്ടിടങ്ങളുടെ വിവരശേഖരണം പൂർത്തീകരിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. കൂടാതെ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 29-12-2023 തീയതിയിലെ LSGD/PD/20073/2023-REV2 നമ്പർ സർക്കുലർ പ്രകാരം ഗ്രാമപഞ്ചായത്തുകളിലെ വിവര ശേഖരണ നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള സമയപരിധി 2023 ഡിസംബർ 31 വരെ ദീർഘിപ്പിച്ചു. ഗ്രാമപഞ്ചായത്തിൽ വസ്തു നികുതി പരിഷ്കരണത്തോടനുബന്ധിച്ച് ലഭ്യമായ Form 9B അപേക്ഷകളിലെ തുടർ നടപടിയും കെട്ടിടങ്ങളുടെ വിവരശേഖരണത്തിൽ കൈവരിച്ച പുരോഗതി വിവരങ്ങളും മേൽ വിവരങ്ങൾ സഞ്ചയ സോഫ്റ്റ്വെയറിൽ അപ്ഡേറ്റ് ചെയ്തതിന്റെ വിശദാംശങ്ങളും പരിശോധനക്ക് ലഭ്യമാക്കിയില്ല. ആയത് അറിയിക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിക്ക് (07/23-24/09.08.2024) തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 22.03.2023 തീയതിയിലെ സ.ഉ.(കൈ) നം. 77/2023/LSGD നമ്പർ ഉത്തരവ് പ്രകാരം വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെടുള്ള വിവരശേഖരണം നടത്തുന്നതിനും ഡാറ്റ എൻട്രിക്കുമായി അപേക്ഷ ക്ഷണിച്ച് ഇന്റർവ്യൂ നടത്തിയതിൽ നിന്നും 26.06.2023 തീയതിയിലെ പഞ്ചായത്ത് ഭരണ സമിതിയുടെ 15-ാം നമ്പർ തീരുമാനം പ്രകാരം വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ടുള്ള വിവര ശേഖരണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഏഴ് പേരെ തെരഞ്ഞെടുത്തതിൽ മൂന്ന് പേർ ജോലിക്ക് തയ്യാറായി വിവരശേഖരണം ആരംഭിച്ചിരിരുന്നുവെങ്കിലും പ്രസ്തുത ജോലി തുടർന്നുകൊണ്ടുപോകുന്നതിന് സാധ്യമല്ലെന്ന് അറിയിച്ചതിനാൽ വസ്തുനികുതി പരിഷ്കരണം. വിവരശേഖരണം ഗവൺമെന്റ് അംഗീകൃത ഏജൻസിയെ ചുമതലപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി 09.07.2024 തീയതിയിലെ പഞ്ചായത്ത് ഭരണ സമിതിയുടെ സാധാരണ യോഗത്തിൽ അജണ്ടയായി ഉൾപ്പെടുത്തിയിരുന്നുവെങ്കിലും മീറ്റിംഗ് വേളയിൽ പരിഷ്കരണം ഏറ്റെടുക്കുന്ന ഏജൻസിയെക്കുറിച്ച് പഠിക്കുന്നതിന് ഭരണസമിതിക്ക് സമയ ആവശ്യമാണെന്നറിയിച്ച് പ്രസ്തുത അജണ്ട മാറ്റിവെക്കുകയാണുണ്ടായത് എന്നാണ് മറുപടി ലഭ്യമാക്കിയത്.മേൽ വിഷയവുമായി ബന്ധപ്പെട്ട് തുടർ നടപടി സ്വീകരിച്ച് പുരോഗതി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-17 വസ്തു നികുതി നിർണ്ണയത്തിലെ അപാകതകൾ

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾക്കും തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പിന്റെ 22.03.2023 തീയതിയിലെ സ.ഉ.(കൈ)നം.77/2023 /LSGD, തദ്ദേശസ്വയംഭരണ(ആർ.സി) വകുപ്പിന്റെ 05.04.2023 തീയതിയിലെ സ.ഉ(അച്ചടി) നം.25/2023 LSGD എന്നീ ഉത്തരവുകൾക്കും വിധേയമായി നന്നമ്പ്ര ഗ്രാമപഞ്ചായത്തിലെ വിവിധ വിനിയോഗ ഗണങ്ങളിൽ ഉൾപ്പെടുന്ന കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതി 01.04.2023 മുതൽ പ്രാബല്യത്തിൽ വരത്തക്കവിധം പരിഷ്കരിക്കുന്നതിനായി കെട്ടിടങ്ങളുടെ ഉപയോഗത്തിനനുസരിച്ച് ഒരു ചതുരശ്ര മീറ്റർ തറവിസ്തീർണ്ണത്തിനുള്ള വസ്തുനികുതി നിരക്കുകളും മേഖലകളുടെ തരംതിരിവും, വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരം തിരിവും 30.09.2023-ലെ 1/1 നമ്പർ പഞ്ചായത്ത് ഭരണസമിതി തീരുമാനപ്രകാരം അന്തിമമായി അംഗീകരിച്ചിരുന്നു. ആയതു പ്രകാരം പാർപ്പിടാവിശ്യം -സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ ,ഹോം സ്റ്റേ(വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നത്) 300 ച.മി വരെയുള്ളവയ്ക്ക് ചതുരശ്രമീറ്ററിന് 6 രൂപയും 300 ച.മി മുകളിലുള്ളവയ്ക്ക് ചതുരശ്രമീറ്ററിന് 8 രൂപയുമായിട്ടാണ് അടിസ്ഥാന വസ്തു നികുതി നിരക്ക് നിശ്ചയിച്ചിട്ടുള്ളത് .

എന്നാൽ ഗ്രാമപഞ്ചായത്തിൽ 2023-24 സാമ്പത്തിക വർഷം നികുതി നിർണയിച്ച ശ്രീ.കോമുക്കുട്ടി.പി എന്നവരുടെ 300 ച.മി മുകളിലുള്ള പാർപ്പിടാവിശ്യം -സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ ,ഹോം സ്റ്റേ (വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നത്) കെട്ടിടത്തിന് ചതുരശ്രമീറ്ററിന് 8 രൂപ നികുതി ഈടാക്കുന്നതിന് പകരം 6 രൂപ പ്രകാരമാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഉടമസ്ഥന്റെ പേര്	കെട്ടിട നമ്പർ	കെട്ടിടത്തിന്റെ വിസ്തീർണ്ണം(m2)	ഈടാക്കിയ നികുതി (കെട്ടിടത്തിന്റെ വിസ്തീർണ്ണം*4) -10% മേഖല	ഈടാക്കേണ്ടിയിരുന്ന നികുതി (കെട്ടിടത്തിന്റെ വിസ്തീർണ്ണം*8)	കുറവ്

			ഇളവ്+20% വഴി സൗകര്യം + 15% തറനിർമ്മിതി	-10% മേഖല ഇളവ് +20% വഴി സൗകര്യം +15% തറനിർമ്മിതി	
ശ്രീ.കോമുക്കുട്ടി.പി.വി	21/317/A	488.8 (GF-323.89 FF-164.91)	2444+49(SC)+ 123(LC) =2616	4888+ 98(SC)+ 245LC)	2444+ 49(SC)+ 122(LC)

20.07.2023 ന് നിർമ്മാണം പൂർത്തീകരിച്ച ഈ കെട്ടിടത്തിന് അന്ന് അന്തിമവിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ലാതിരുന്നതിനാൽ പഴയ നിരക്കിലാണ് നികുതി നിശ്ചയിച്ചിരുന്നത്.ആയത് അന്തിമവിജ്ഞാപനത്തിന് ശേഷം പുനർനിർണ്ണയിച്ചപ്പോൾ ചതുരശ്രമീറ്ററിന് 8 രൂപ നികുതി ഈടാക്കുന്നതിന് പകരം 6 രൂപ പ്രകാരമാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്.
അപാകതകയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകുയറിക്ക് (41/14.08.2024) മറുപടി ലഭ്യമാക്കിയിട്ടില്ല.അപാകത പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-18 തൊഴിൽ നികുതി -അപാകതകൾ

നന്നമ്പ്ര ഗ്രാമ പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട രജിസ്റ്ററും റിട്ടേണുകളും പരിശോധിച്ചപ്പോൾ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1.ചുവടെ കൊടുത്ത സ്ഥാപനങ്ങൾ തൊഴിൽ നികുതി റിട്ടണുകൾ സമർപ്പിച്ചിട്ടില്ലാത്തതിനാൽ ഈ ഇനത്തിൽ പിരിച്ചെടുക്കാൻ അവശേഷിക്കുന്ന തുക എത്രയുണ്ടെന്ന് കണക്കാക്കാൻ സാധിച്ചിട്ടില്ല.

ക്രമ നമ്പർ	സ്ഥാപനം	തൊഴിൽ നികുതി അടവാക്കാത്ത കാലയളവ്
1	ബി.എസ്.എൻ.എൽ,കുണ്ടൂർ	I&II ഹാഫ്
2	കെയർ മെഡിസിറ്റി ക്ലിനിക്,പാണ്ടിമുറ്റം	I&II ഹാഫ്
3	കെ.കെ മെഡിലാബ്	I&II ഹാഫ്
4	എം.എൻ.എസ് വെൽനെസ് ക്ലിനിക്,പാണ്ടിമുറ്റം	I&II ഹാഫ്
5	ഇവാകോ ഫൂട്ട്കെയർ	I&II ഹാഫ്
6	ഡോ.അനൂപ് ടൂത്ത് കെയർ ക്ലിനിക്,തെയ്യാല	I&II ഹാഫ്
7	ടിൻ മെഡിസിറ്റി ഹോസ്പിറ്റൽ കൊടിഞ്ഞി	I ഹാഫ്
8	നീതി മെഡിക്കൽ ഡയഗ്നോസ്റ്റിക്സ് സെന്റർ , തെയ്യാലിങ്ങൽ	II ഹാഫ്
9	ഇക്ര ഡെന്റൽ ക്ലിനിക്,കുണ്ടൂർ	I&II ഹാഫ്
10	തെയ്യാല ഡെന്റൽ ക്ലിനിക്ക്	II ഹാഫ്

മുകളിൽ പരാമർശിച്ച 2023-24 വർഷത്തിലെ സ്ഥാപനത്തിലെ മുഴുവൻ ജീവനക്കാരുടെയും പേര്, അർദ്ധ വാർഷിക വരുമാനം (റിട്ടേൺ) ഹാജരാക്കേണ്ടതാണ്. ആയത് പരിശോധിച്ച് ജീവനക്കാരുടെ തൊഴിൽ നികുതിയും സ്ഥാപന തൊഴിൽനികുതിയും ഈടാക്കേണ്ടതുണ്ടെങ്കിൽ ആയത് ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

2.പഞ്ചായത്തിന്റെ സ്ഥാപന രജിസ്റ്റർ പരിശോധിച്ചപ്പോൾ താഴെ കൊടുത്ത സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ല എന്ന് കണ്ടു.

ക്രമ നമ്പർ	സ്ഥാപനം	സ്ഥാപന തൊഴിൽ നികുതി അടവാക്കാത്ത കാലയളവ്
1	കാനറ ബാങ്ക്	II ഹാഫ്
2	ബി.എസ്.എൻ.എൽ,കുണ്ടൂർ	I&II ഹാഫ്

മേൽ സ്ഥാപനങ്ങൾ 1996 ലെ കേരള ഗ്രാമ പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 4(എ) പ്രകാരം തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരാണെങ്കിൽ ആയതിന്റെയും ചട്ടം (6) അടിസ്ഥാനത്തിൽ തൊഴിൽ നികുതി അടവാക്കാന് ആവശ്യപ്പെട്ടിട്ടുണ്ടെങ്കിൽ ആയതിന്റെയും വിവരം

ലഭ്യമാക്കേണ്ടതാണ്.

3.ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയില്ല.

ജീവനക്കാരന്റെ പേര്/ സ്ഥാപനം	അടവാക്കാത്ത അർദ്ധവർഷം	കുറിപ്പ്
ഡോ.അംന ബാനു , പി.എച്ച്.സി സായാഹ ഒ.പി ഡോക്ടർ	രണ്ട്.	രജിസ്റ്ററിലോ റിട്ടേണിലോ തൊഴിൽ നികുതി അടവാക്കാത്തതിന് കാരണമൊന്നും രേഖപ്പെടുത്തിയിട്ടില്ല.
ഡോ.അശ്വതി ശങ്കർ NHM ഡോക്ടർ	രണ്ട്.	
രമ്യ.ടി LPST,AMLPS വെള്ളിയമ്പ്രം	രണ്ട്.	

ക്രമനമ്പർ 1,2,3 ലെ തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻകയറിക്ക് (11/2023-24/12.08.2024) മറുപടി ലഭ്യമാക്കിയിട്ടില്ല.

ക്രമനമ്പർ 1,2 3 ലെ തൊഴിൽ നികുതി അടവാക്കിയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

1-19 കറന്റ് അക്കൗണ്ടിൽ 1,13,08,701 രൂപ-പലിശയിനത്തിൽ വരുമാന നഷ്ടം.

2023-24 വർഷത്തെ വാർഷിക ധനകാര്യ പത്രിക RP-40(a), RP-40(b) എന്നിവ പ്രകാരം ഗ്രാമപഞ്ചായത്തിൽ ഇ-പെയ്മെന്റിനു വേണ്ടി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ ആരംഭിച്ച കറന്റ് അക്കൗണ്ടിൽ (അക്കൗണ്ട് നമ്പർ-67387343575) 01.04.23 ന് 61,34,420/- രൂപ മുൻബാക്കിയും 31.3.2024 ന് 1,07,23,285/- രൂപ നീക്കിയിരിപ്പും ഉണ്ട്. പാസ് ബുക്ക് ബാലൻസ് യഥാക്രമം 60,84,813/- രൂപ, 1,13,08,701/- രൂപയുമാണ്.

പലിശ ഇല്ലാത്ത കറന്റ് അക്കൗണ്ടിൽ ഇത്തരത്തിൽ ഭീമമായ തുക നിലനിർത്തിയത് പലിശയിനത്തിൽ ലഭ്യമാകേണ്ടിയിരുന്ന വരുമാന നഷ്ടത്തിന് കാരണമായിട്ടുണ്ട്. അപാകതകയ്ക്ക് മറുപടി ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻകയറിക്ക് (39/2023-24/13.08.2024) മറുപടി ലഭ്യമാക്കിയിട്ടില്ല.

കറന്റ് അക്കൗണ്ടിലെ തുക സ്ഥിര നിക്ഷേപം ആക്കി മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

1-20 പ്രോജക്ടുകൾ ഭൂരിഭാഗവും നടപ്പിലാക്കിയില്ല- വകയിരുത്തിയ ഫണ്ടിൽ വൻ തുക ലാപ്സായി

ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തെ വാർഷിക പദ്ധതിയിലുൾപ്പെടുത്തിയ പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പാക്കി സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുമ്പ് ഫണ്ട് ചെലവഴിക്കാൻ കഴിയാത്തതിനാൽ വൻ തുക ഗ്രാമ പഞ്ചായത്തിന് ലാപ്സായി. പഞ്ചായത്തിലെ വിവിധ വികസന പ്രവർത്തനങ്ങൾക്കും അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്നതിനും ആസ്തി സംരക്ഷണത്തിനും അതു വഴി പൊതു സമൂഹത്തിന്റെ ഉന്നമനത്തിനും നാടിന്റെ വികസനത്തിനും വേണ്ടി വിനിയോഗിക്കേണ്ടതായ ഫണ്ടാണ് പദ്ധതി നിർവ്വഹണത്തിലെ ജാഗ്രതക്കുറവ് കാരണം പഞ്ചായത്തിന് വിനിയോഗിക്കാനാവാതെ പോയത്. (ഖണ്ഡിക 1-34 കൂടി കാണുക)

ലാപ്സായ ഫണ്ടിന്റെ വിവരം ചുവടെ ചേർക്കുന്നു.

ഫണ്ടിനം	വകയിരുത്തിയ തുക	ചെലവഴിച്ച തുക	ബാലൻസ് (ലാപ്സായത്)
എം.ജി.(റോഡ്)	10166000	3845892	6320108
എം.ജി. (നോൺറോഡ്)	7447000	3032694	4414306
പ്ലാൻ (ജനറൽ)	28612162	17539307	11072855
ആകെ	46225162	24417893	21807269

പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാനാവാത്തതിനും അത് വഴി ഗ്രാമ പഞ്ചായത്തിന് വൻ തുക ലാപ്സായതിനും കാരണം വിശദമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട്

നൽകിയ അന്വേഷണക്കുറിപ്പിന് (ഓഡിറ്റ് എൻകയറി നമ്പർ-34/13.8.24) മറുപടി ലഭ്യമായിട്ടില്ല. ഇക്കാര്യത്തിൽ മറുപടി ലഭ്യമാക്കേണ്ടതാണ്.

2023-24 വർഷത്തിൽ ആകെ 215 പ്രോജക്ടുകളാണ് തയ്യാറാക്കി അംഗീകാരം നേടിയിട്ടുള്ളത്. അതിൽ 104 എണ്ണം നടപ്പിലാക്കി. ഇതിൽ 69 എണ്ണം സ്പിൽ ഓവർ പ്രോജക്ടുകളാണ്. ഇതിൽ 30 സ്പിൽ ഓവർ പ്രവൃത്തികൾ സ്പിൽ ഓവറായ വർഷവും പൂർത്തീകരിച്ചിട്ടില്ല. ആകെ നിർവഹണം നടത്തിയ 104 പ്രോജക്ടുകളിലായി 4,64,04,464 രൂപയാണ് ചെലവഴിച്ചത്. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ നിർവ്വഹണ പുരോഗതി താഴെ കൊടുക്കുന്നു. (സുലേഖ ചെലവ് പത്രിക പ്രകാരം)

നിർവ്വഹണ	പ്രൊജക്ട്	നടപ്പിലാ	%	ആകെ	ആകെ	%

ഉദ്യോഗസ്ഥൻ	എണ്ണം	ക്കിയത്		അടങ്കൽ	ചെലവ്	
കൃഷി ഓഫീസർ	6	2	33.33	88,60,240	4,25,903	4.80
വെറ്ററിനറി സർജൻ	9	8	88.88	27,10,465	24,48,375	90.33
മെഡിക്കൽ ഓഫീസർ-എഫ്.എച്ച്.സി	16	10	62.50	80,23,733	31,13,649	38.80
മെഡിക്കൽ ഓഫീസർ-ആയുർവേദം	1	1	100	10,00,000	10,00,000	100
വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	24	14	58.33	150908367	13536723	8.97
ഐ.സി.ഡി.എസ് സൂപ്പർവൈസർ	11	7	63.63	1,32,63,792	82,78,722	62.41
സെക്രട്ടറി-ഗ്രാമപഞ്ചായത്ത്	57	35	61.40	15087103	10451776	69.27
അസിസ്റ്റന്റ് എഞ്ചിനീയർ	83	15	18.07	3,36,20,991	51,69,404	15.37
ഹെഡ് മാസ്റ്റർ	6	4	66.66	8,25,000	3,21,310	38.94
അസിസ്റ്റന്റ് സെക്രട്ടറി	7	7	100	17,70,800	16,58,602	93.66
ആകെ	215	103	47.90	23,60,70,491	4,64,04,464	19.65

പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നിർവ്വഹണത്തിൽ മോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതുണ്ട്. കാര്യക്ഷമമായ പദ്ധതിനിർവ്വഹണം ഉറപ്പു വരുത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-21 നിർവ്വഹണ ഉദ്യോഗസ്ഥരുടെ ചെലവ് രേഖകളിലെയും രജിസ്റ്ററുകളിലെയും അപാകതകൾ

1.എഫ്.എച്ച്.സി മെഡിക്കൽ ഓഫീസർ

എ.17.11.2023 മുതൽ കാഷ് ബുക്ക് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ബി.പ്രൊജക്ട് 198/24 ൽ സൂലേഖ ചെലവ് പത്രിക പ്രകാരം ആകെ ചെലവ്- 72460 രൂപയാണ്. എന്നാൽ കാഷ് ബുക്ക്, ചെലവ് രേഖകൾ എന്നിവ പ്രകാരം 76460 രൂപയാണ്. വ്യത്യാസം 4000 രൂപ

സി.പ്രൊജക്ട് 111/24 ൽ സുലേഖ ചെലവ് പത്രിക പ്രകാരം ആകെ ചെലവ്- 1350256 രൂപയാണ്. എന്നാൽ കാഷ് ബുക്ക്, ചെലവ് രേഖകൾ എന്നിവ പ്രകാരം 1356211 രൂപയാണ്. വ്യത്യാസം 5955 രൂപ

ഡി.പ്രൊജക്ട് രജിസ്റ്ററിൽ നിർവ്വഹണം നടത്തിയ പ്രൊജക്ട് സംബന്ധമായി രേഖപ്പെടുത്തലുകൾ നടത്തിയിട്ടില്ല.

(അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകുയറി 36/13.08.2024-ന് എഫ്.എച്ച്.സി മെഡിക്കൽ ഓഫീസറുടെ മറുപടി ലഭ്യമാക്കിയിട്ടില്ല.)

2.അസി.എഞ്ചിനീയർ

എ) പ്രവൃത്തി ബില്ല് തയ്യാറാക്കി അസിസ്റ്റന്റ് എഞ്ചിനിയർ റികുസിഷൻ മുഖേന ആവശ്യപ്പെട്ടുന്ന തുക, മരാമത്ത് പ്രവൃത്തികൾക്കല്ലാതെ എഞ്ചിനിയറിംഗ് വിഭാഗത്തിന്റെ ഓഫീസ് പ്രവർത്തനത്തിന് അനുവദിക്കുന്ന തുക , ടെണ്ടറിന്റെ ഭാഗമായി ടെണ്ടർ ഫീ, EMD എന്നിങ്ങനെ വിവിധ ഇനങ്ങളിലായി അസിസ്റ്റന്റ്. എഞ്ചിനിയറുടെ പേരിലുള്ള അക്കൗണ്ടിൽ പണം വരുന്നുണ്ട്. എൽ.എസ്.ജി.ഡി സെക്ഷൻ അസിസ്റ്റന്റ്. എഞ്ചിനിയറുടെ പേരിലുള്ള കൊടിഞ്ഞി SBI ശാഖയിൽ ഉള്ള 41359302055 നമ്പർ ബാങ്ക് അക്കൗണ്ടിലെ വരവ് ചെലവുകൾ കാഷ്ബുക്കിൽ രേഖപ്പെടുത്തേണ്ടതായിരുന്നുവെങ്കിലും അസിസ്റ്റന്റ് എഞ്ചിനിയറുടെ ഓഫീസിൽ ഇത്തരത്തിൽ കാഷ്ബുക്ക് എഴുതി സൂക്ഷിച്ചിട്ടില്ല.

മേൽ അക്കൗണ്ടിലെ തൻവർഷത്തെ ഇടപാടുകളുടെ സംക്ഷിപ്തം ചുവടെ കൊടുക്കുന്നു. പ്രസ്തുത ഇടപാടുകൾ കാഷ്ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

മുന്നിരിപ്പ്	ഇടപാടുകളുടെ എണ്ണം	വരവ്	ചെലവ്	നീക്കിയിരിപ്പ്
89465	35	26510	93175 *	22800

*പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കിയത്

ബി). 2023-24 കാലയളവിലെ ക്യാഷ് ബുക്കിലെ രേഖപ്പെടുത്തലുകൾ അസി.എഞ്ചിനീയർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

സി). ക്യാഷ് ബുക്കിൽ ദൈനംദിന/പ്രതിമാസ ക്ലോസിംഗ് നടത്തിയിട്ടില്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകുയറിയ്ക്ക് (നമ്പർ 29/2023-24 തീയതി 13.08.2024) മറുപടി ലഭ്യമാക്കിയിട്ടില്ല.

അപാകതകൾ പരിഹരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

1-22 പൾസ് കുടുംബശ്രീ ജില്ലാ തല ബ്ലഡ് ഡോണേഴ്സ് ഫോറം - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

പ്രോജക്റ്റ് നം. 214/24
പൾസ് -കുടുംബശ്രീ ജില്ലാ തല ബ്ലഡ് ഡോണേഴ്സ് ഫോറം. Vr.42300705/20-02-2024 10,000/-
Vr.42300844/27-03-2024 4,788/-
അടങ്കൽ/വിനിയോഗിച്ച തുക – 14788 രൂപ (തനത് ഫണ്ട്)

കുടുംബശ്രീ മലപ്പുറം ജില്ലാ മിഷൻ കോ-ഓർഡിനേറ്ററുടെ 05.06.2023 ലെ 260/A8/2022/KSMPM നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പൾസ് കുടുംബശ്രീ ജില്ലാ തല ബ്ലഡ് ഡോണേഴ്സ് ഫോറം എന്ന പദ്ധതി പ്രകാരം കൊടിഞ്ഞി അങ്കിൾ ഓഡിറ്റോറിയത്തിൽ വെച്ച് കുടുംബശ്രീ സി ഡി എസ്സിന്റെയും ഗ്രാമപഞ്ചായത്തിന്റെയും നേതൃത്വത്തിൽ 26.12.2023 ന് രക്തദാനക്യാമ്പും ബോധവൽക്കരണ ക്ലാസും സംഘടിപ്പിച്ചു.

1)മേൽ പ്രോജക്ടു് പദ്ധതി മാർഗ്ഗരേഖ / സബ്ഡിഡി മാർഗ്ഗരേഖ (സ.ഉ (കൈ)നം. 84/2022/തസ്വഭവ തീ. 19.04.2022 & സ.ഉ (കൈ)നം. 115/2022/തസ്വഭവ തീ. 28.05.2022) ഉത്തരവുകൾ പ്രകാരം ഗ്രാമപഞ്ചായത്തിന് നടപ്പാക്കാൻ അനുമതി നൽകിയതായി കാണുന്നില്ല. മാർഗ്ഗരേഖ പ്രകാരം നടപ്പാക്കാൻ അനുമതിയില്ലാത്ത പ്രൊജക്ടുകൾ നടപ്പാക്കുന്നതിന് സർക്കാരിൽ നിന്ന് പ്രത്യേക അനുമതിയോ, നൂതന പ്രൊജക്ട് അംഗീകരിക്കുന്നതിനുള്ള സമിതിയുടെ അനുമതിയോ തേടിയായിരുന്നു നടപ്പാക്കേണ്ടിയിരുന്നത്. എന്നാൽ ഈ പ്രൊജക്ടിന് ഇപ്രകാരമുള്ള അനുമതി നേടിയതായി കാണുന്നില്ല.

2)കുടുംബശ്രീ അയൽക്കൂട്ട അംഗങ്ങളായ 18 മുതൽ 60 വയസ്സു വരെ പ്രായമുള്ള സ്ത്രീകളെ രക്തദാനം ചെയ്യാൻ പ്രോത്സാഹിപ്പിക്കുക, ജില്ലാ തലത്തിൽ 10,000 കുടുംബശ്രീ അംഗങ്ങളുള്ള രക്തദാന സേന രൂപീകരിക്കുക എന്നിവയാണ് പൾസ് -കുടുംബശ്രീ ജില്ലാ തല ബ്ലഡ് ഡോണേഴ്സ് ഫോറം എന്ന പദ്ധതി ലക്ഷ്യമിട്ടിരുന്നത്. ഈ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ഓഡിറ്റ് തീയതി വരെ സാധിച്ചിട്ടില്ല. മൊബൈൽ ആപ്ലിക്കേഷൻ സോഫ്റ്റ്വെയർ തയ്യാറാക്കുന്നതിന് ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ ആവശ്യപ്പെട്ട 4788 രൂപ 26.03.2024 ന് കൈമാറിയിട്ടുണ്ട്. (UTR CMS4082073933/9.4.24) എന്നാൽ നാളിതുവരെയും പദ്ധതി നടപ്പിലാക്കിയതായി വിവരമില്ല. മൊബൈൽ ആപ്ലിക്കേഷൻ സോഫ്റ്റ്വെയർ ലഭ്യമാക്കിയിട്ടുമില്ല. ഈ ലക്ഷ്യങ്ങൾ കൈവരിച്ചതിന്റെ വിവരം ലഭ്യമല്ല. 20.05.2024 ന് Z6.1952/2024 നമ്പർ കത്തിൽ കൈപ്പറ്റും വിനിയോഗ വിവരങ്ങളും ലഭ്യമാക്കുന്നതിന് കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്റർക്ക് കത്ത് നൽകിയെങ്കിലും ലഭ്യമായതായി കാണുന്നില്ല.
അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ എൻകയറി നമ്പർ 2/05.08.2024 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് പരാമർശങ്ങൾക്ക് പരിഹാരനടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്. മറുപടി ലഭ്യമാക്കുംവരെ ചെലവ് തുക 14788/-രൂപ തടസ്സം ചെയ്യുന്നു.

1-23 എം.ജി.എൻ.ആർ.ഇ.ജി.എസ്-ന് സുരക്ഷാ ഉപകരണങ്ങൾ വാങ്ങൽ പദ്ധതിയിലെ അപാകതകൾ

പ്രോജക്ട് : എം.ജി.എൻ.ആർ.ഇ.ജി.എസ് തൊഴിലാളികൾക്ക് തൊഴിലിടങ്ങളിലേക്ക് സുരക്ഷാ ഉപകരണങ്ങൾ വാങ്ങൽ
നം : S0220/2024
അടങ്കൽ - 1,18,450 (വികസന ഫണ്ട് - ജനറൽ)
BRN : : 231506520072009784 85/23-12-2023 : 1,18,186

സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം എം.ജി.എൻ.ആർ.ഇ.ജി.എസ് തൊഴിലാളികൾക്ക് സുരക്ഷാ ഉപകരണങ്ങൾ (ഗംബൂട്ട് -195 എണ്ണം, ഗ്ലൗസ് -195 എണ്ണം, ടാർപോളിൻ ഷീറ്റ് -15 എണ്ണം) ലഭ്യമാക്കിയതിന്റെ വില മേൽ ബിൽ പ്രകാരം കരാറുകാരനായ ശ്രീ. ശുഹൈബ് കെ, കുറ്റൂർ നോർത്തിന് നൽകിയിട്ടുണ്ട്. പദ്ധതിയുടെ ഫയൽ പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു -

1. ശ്രീ. ശുഹൈബ് കെ-യും, ഹെഡ്കോ, പന്തീരങ്കാവ് എന്ന സ്ഥാപനവും ടെണ്ടറിൽ രേഖപ്പെടുത്തിയ നിരക്കുകൾ താഴെ കാണും പ്രകാരമാണ് :

ക്ര. നം.	സ്ഥാപനം	Gumboot	Rate	Gloves	Rate	Tarpaulin Sheet	Rate
1	ഹെഡ്കോ, പന്തീരങ്കാവ്	Star	190	Rido	28	Tye 1	450
		Royal	285	Classic	52	Tye 2	550
		Super	330	Gloria	75		
		Topper	395	Hexo	125		
		HLS	475	Dots	158		
2	ശ്രീ.ശുഹൈബ് കെ		480		88		495

17-10-2023 ൽ ചേർന്ന പ്രൊക്യുയർമെന്റ് കമ്മിറ്റി മേൽ ഉൽപ്പന്നങ്ങൾ പരിശോധിച്ച് ശ്രീ.ശുഹൈബ് കെ എന്നവർ ഹാജരാക്കിയവ വിലക്കനുസരിച്ച് ഗുണനിലവാരം പുലർത്തുന്നവയായതിനാൽ ആയത് ഭരണസമിതിക്ക് ശുപാർശ ചെയ്യുന്നു എന്നാണ് മിനിട്സിൽ രേഖപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം എങ്ങിനെയാണ് പരിശോധിച്ചതെന്ന് വ്യക്തമല്ല.

2. കരാറുകാരൻ ഗംബൂട്ട്, ഗ്ലൗസ് എന്നിവ ലഭ്യമാക്കിയിട്ടുള്ളത് സാമ്രാട്ട് സേഫ്റ്റി, കോയമ്പത്തൂർ എന്ന സ്ഥാപനത്തിൽ നിന്നാണ് . RKKഏജൻസീസ്, തിരൂർ എന്ന സ്ഥാപനത്തിൽ നിന്നാണ് ടാർപോളിൻ ഷീറ്റ് ലഭ്യമാക്കിയിട്ടുള്ളത്. കരാറുകാരന്റെ GSTറജിസ്ട്രേഷൻ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

3. G.O (Rt) നം.7/2019/SPD/26-04-2019 പ്രകാരം 25000/-രൂപക്ക് മുകളിലുള്ള എല്ലാ വാങ്ങലുകളും Gem മുഖേന വേണമെന്ന് നിർബന്ധമാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ഉത്തരവ് പാലിച്ചിട്ടില്ല.

4. G.O (P) No.3/2013/SPD, Dated 21.06.2013 നമ്പർ സ്റ്റോർ പർച്ചേസ് മാനുവൽ ഖണ്ഡിക 8-17, ഖ.8-19 എന്നിവ പ്രകാരം 1,00,000 രൂപയിൽ കൂടുതൽ ഉള്ള കരാർ തുകകൾക്ക് 5% പെർഫോർമൻസ് സെക്യൂരിറ്റി ഈടാക്കേണ്ടതുണ്ട്. ആയതിന്റെ രേഖകളും പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

മേൽ അപാകതകൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻകുയറി നം. 20/12-08-2024 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-24 പാലിന് സബ്സിഡി- പ്രൊജക്ടുകൾ നടപ്പിലാക്കുന്നില്ല

വെറ്ററിനറി സർജ്ജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി മൃഗസംരക്ഷണം/ക്ഷീരവികസനം മേഖലയിൽ നടപ്പാക്കിയ വിവിധ പദ്ധതികളിൽ വനിതകൾക്ക് കന്നു കുട്ടി വിതരണം (പ്രൊജക്ട് 11/2024), കാലിത്തീറ്റ വിതരണം- വനിത (പ്രൊജക്ട് 9/2024) എന്നിവ ഉൾപ്പെടുന്നു. രണ്ട് പ്രൊജക്ടുകളുമായി ഗുണഭോക്തൃവിഹിതമുൾപ്പെടെ 17,08,880 രൂപ ചെലവഴിച്ചിട്ടുണ്ട് (അവലംബം: സുലേഖ ചെലവുപത്രിക) ഗ്രാമ പഞ്ചായത്തിലെ ക്ഷീരകർഷകർക്ക് പ്രയോജനകരമായ പ്രൊജക്ടകളാണ് ഇവ. അതേ സമയം പാലിന് സബ്സിഡി നൽകുന്നതിനുള്ള പ്രൊജക്ടുകൾ ഒന്നും തന്നെ തയ്യാറാക്കുകയോ നടപ്പിലാക്കുകയോ ചെയ്തതായോ ആയതിനുള്ള സാധ്യതകൾ പരിശോധിച്ചതായോ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സ്, വർക്കിംഗ് ഗ്രൂപ്പ് മിനിട്സ് എന്നിവയിലൊന്നും കാണുന്നില്ല. സബ്സിഡി.,ധനസഹായം, അനുബന്ധ വിഷയങ്ങൾ എന്നിവ സംബന്ധിച്ച മാർഗ്ഗ രേഖ സ.ഉ(കൈ) 115/2022/ത.സ്വ.ഭ.വ തിയ്യതി 28/05/2022 ലെ ഖണ്ഡിക 6.3.9 ൽ ക്ഷീര സഹകരണസംഘങ്ങളിൽ നൽകുന്ന ഒരു ലിറ്റർ പാലിന് തദ്ദേശ സ്ഥാപനത്തിൽ നിന്നും 3 രൂപ (സബ്സിഡി) (ഒരു വർഷത്തിൽ പരമാവധി 40,000 രൂപ)കർഷകന്റെ ബാങ്ക് അക്കൌണ്ടിലേക്ക് നൽകാവുന്നതാണ്. ക്ഷീരസഹകരണസംഘങ്ങളിൽ പാൽ നൽകാത്ത ഇൻഷ്വർ ചെയ്ത പശുക്കളുള്ള മറ്റു ക്ഷീരകർഷകർക്ക് ഉൽപാദനത്തിനാനുപാതികമായി വെറ്ററിനറി സർജ്ജന്റെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഒരു ലിറ്റർ പാലിന് 3 രൂപ നിരക്കിൽ ഒരു വർഷം പരമാവധി 20,000 രൂപ വരെ നൽകാവുന്നതാണ്. ഇക്കാര്യം ഭരണസമിതിയുടെ ശ്രദ്ധയിൽ പെടുത്തുന്നു. (ഇക്കാര്യം പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻകുയറി 43/14.08.2024 ന് മറുപടി ലഭ്യമായിട്ടില്ല)

1-25 ഹോമിയോ മരുന്നുകൾ മുഴുവൻ ലഭ്യമായില്ല

പ്രൊജക്ട് : ഹോമിയോ ഡിസ്പൻസറിക്ക് മരുന്ന് വാങ്ങൽ (പ്രൊജക്ട് നം. : S0004/2024)

അടങ്കൽ - 4,00,000 (MG-NR)
ചെലവ്- ബി.ആർ.എൻ.231506520072007268O8/02-11-2023 : 400000

സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം കേരള സ്റ്റേറ്റ് ഹോമിയോപതിക് കോപറേറ്റീവ് ഫാർമസി ലി.-ന് (*ഹോംകോ*) ഹോമിയോ മരുന്ന് ലഭ്യമാക്കുന്നതിനായി 4,00,000 നൽകിയിട്ടുണ്ട് (ഇൻവോയ്സ് നം. PF-345/02-09-2023 : 4,00,000). മരുന്നുകൾ ലഭ്യമായതിന്റെ വിവരം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകുയറി നം. 26/12-08-2024 ന് 2,03,936 രൂപയുടെ മരുന്നുകൾ ലഭ്യമായതിന്റെ രേഖകൾ ഹാജരാക്കി (ടാക്സ് ഇൻവോയ്സ് നം. LF-436/21-06-2024 : 113199, ടാക്സ് ഇൻവോയ്സ് നം. LF-760/30-07-2024 : 90737). ബാക്കിയുള്ള 1,96,064 രൂപയുടെ മരുന്നുകൾ ലഭ്യമാക്കാൻ അവശേഷിക്കുന്നു. ആയത് കൂടി ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

1-26-1 സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ -അപാകതകൾ

പ്രൊജക്ട് : പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ
നം : S0152/2024
അടങ്കൽ - 6,55,000 (വികസന ഫണ്ട് - 5,55,000 തനത് ഫണ്ട് - 1,05,000), ചെലവ് തുക-477167
BRN 231506520072001112S3/20-05-2023 : 232047

BRN 231506520072005024O4/26-08-2023 : 158061

വൗച്ചർ നം. 22300615/30-11-2023 : 592

വൗച്ചർ നം. 22300689/08-01-2024 : 2392

വൗച്ചർ നം. 22300866/13-03-2024 : 71250

വൗച്ചർ നം. 22300921/20-03-2024 : 12825

സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പദ്ധതിയുടെ നിർവ്വഹണത്തിനായി എം ക്യൂബ് അസോസിയേറ്റ്സ്, കോട്ടപ്പുറം, പാലക്കാട് എന്ന സ്ഥാപനത്തിന് മുകളിൽ കാണിച്ച പ്രകാരം തുകകൾ നൽകിയിട്ടുണ്ട്. ആയതിന്റെ ഫയൽ പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു -

1. പദ്ധതിക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല.

2. സ്ഥാപിക്കുന്ന വിളക്കുകളുടെ സാമ്പിൾ ഹാജരാക്കിയതിന്റെയോ, ആയതിന്റെ വിദഗ്ധ പരിശോധനയുടെ ടെസ്റ്റ് റിപ്പോർട്ട് ലഭ്യമാക്കിയതിന്റെയോ രേഖകൾ ഫയലിലില്ല.

3. 26W LED വിളക്കിന് 1121 രൂപയാണ് കരാറുകാരൻ ടെണ്ടറിൽ രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ വാർഡ് മെമ്പർമാർ ലഭ്യമാക്കിയ സാക്ഷ്യപത്രത്തിൽ എത്ര വാട്ടിന്റെ വിളക്കുകളാണ് സ്ഥാപിച്ചത് എന്ന് രേഖപ്പെടുത്തിയിട്ടുമില്ല.

4. ആകെ താഴെപ്പറയുന്ന 8 വാർഡുകളിൽ മാത്രമാണ് പദ്ധതി നടപ്പാക്കിയിട്ടുള്ളത്. ആയതിന്റെ കാരണവും ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.

വാർഡ്	സ്ഥാപിച്ച വിളക്കുകളുടെ എണ്ണം
6	27
4	18
10	75
5	87
2	43
12	75
18	43
20	55

5. തെരുവ് വിളക്ക് പരാതി റജിസ്റ്റർ സൂക്ഷിക്കുന്നില്ല.

ഓഡിറ്റ് എൻകൗയറി നം. 19/12-08-2024 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

1-26-2 സ്ട്രീറ്റ് ലൈറ്റ് റിപ്പയർ- അപാകതകൾ

പ്രൊജക്ട് :സ്ട്രീറ്റ് ലൈറ്റ് റിപ്പയർ

നം : S0149/2024
അടങ്കൽ - 7,00,000 (തനത് ഫണ്ട്)

വൗച്ചർ നം. 22300482/28-10-2023 : 4,05,760

വൗച്ചർ നം. 22300588/25-11-2023 : 1,35,252

സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം തെരുവ് വിളക്ക് റിപ്പയർ ചെയ്തതിന്റെ തുക യൂണൈറ്റഡ് എനർജി ഫിറ്റ്നസ്, തിരുവനന്തപുരം എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. ആയതിന്റെ ഫയൽ പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു -

1. പദ്ധതിക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല.

2. സ്ഥാപിക്കുന്ന വിളക്കുകളുടെ സാമ്പിൾ ഹാജരാക്കിയതിന്റെയോ, ആയതിന്റെ വിദഗ്ദ പരിശോധനയുടെ ടെസ്റ്റ് റിപ്പോർട്ട് ലഭ്യമാക്കിയതിന്റെയോ രേഖകൾ ഫയലിലില്ല.

3. വാർഡ് മെമ്പർമാർ ലഭ്യമാക്കിയ സാക്ഷ്യപത്രത്തിൽ എത്ര വാട്ടിന്റെ വിളക്കുകളാണ് സ്ഥാപിച്ചത് എന്ന് രേഖപ്പെടുത്തിയിട്ടില്ല.

4. നിയമപരമായ കുറവുകൾക്ക് ശേഷം 541012/-രൂപ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. എന്നാൽ ഇൻകം ടാക്സ് ആക്ട്, 1961 ലെ 194 (C) പ്രകാരം സ്ഥാപനത്തിന് ബിൽ നൽകുമ്പോൾ 2% TDS ചെയ്യുന്നതിന് പകരം 1% മാത്രമാണ് കുറവ് ചെയ്തിട്ടുള്ളത്.

5. 1334 വിളക്കുകളുടെ റിപ്പയറാണ് കരാറിൽ ഉൾപ്പെട്ടിട്ടുള്ളത്. എന്നാൽ കരാർ സ്ഥാപനത്തിന് തുകകൾ നൽകുന്നതിന് മുമ്പായി Maintenance Report തയ്യാറാക്കി ക്ഷമതയുള്ള ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

6. തെരുവുവിളക്കുകളുടെ പരിപാലനം സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടറുടെ 17.08.2015 ലെ ജി2-44274/16 നം. കത്തിൽ പരാമർശിച്ചതിൽ പ്രകാരം , ഉപയോഗശൂന്യമായവ ഗ്രാമപഞ്ചായത്ത് ഓഫീസിൽ തിരിച്ചേൽപ്പിച്ച്, അതാത് ദിവസം തന്നെ രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ ചേർത്തതിന്റെ വിവരവും ലഭ്യമാക്കിയിട്ടില്ല.

7. തെരുവ് വിളക്ക് പരാതി റജിസ്റ്റർ സൂക്ഷിക്കുന്നില്ല.

ഓഡിറ്റ് എൻകൗയറി നം. 23/12-08-2024 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

1-26-3 ഒരേ ഇലക്ട്രിക് പോസ്റ്റിലെ വിളക്കുകൾ രണ്ട് പ്രൊജക്ടുകൾ പ്രകാരം ഒരേ കാലയളവിൽ മാറ്റി സ്ഥാപിച്ചു

1. പ്രൊജക്ട് : പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ നം : S0152/2024	2. പ്രൊജക്ട് :സ്ട്രീറ്റ് ലൈറ്റ് റിപ്പയർ നം : S0149/2024
അടങ്കൽ - 6,55,000 (വികസന ഫണ്ട് - 5,55,000 തനത് ഫണ്ട് - 1,05,000)	അടങ്കൽ - 7,00,000 (തനത് ഫണ്ട്)
BRN 23150652007200111253/20-05-23 : 232047	വൗച്ചർ നം. 22300482/28-10-2023 : 4,05,760

BRN 23150652007200502424/26-08-23 : 158061 വൗച്ചർ നം. 22300615/30-11-2023 : 592 വൗച്ചർ നം. 22300689/08-01-2024 : 2392 വൗച്ചർ നം. 22300866/13-03-2024 : 71250 വൗച്ചർ നം. 22300921/20-03-2024 : 12825	വൗച്ചർ നം. 22300588/25-11-2023 : 1,35,252
സ്ഥാപനം : എം ക്യൂബ് അസോസിയേറ്റ്സ്, പാലക്കാട് നിരക്ക് : 1121/24W LED Light	സ്ഥാപനം : യുണൈറ്റഡ് എനർജി സിസ്റ്റംസ്, തിരുവനന്തപുരം നിരക്ക് : 525/18W LED Light
സെലക്ഷൻ ലെറ്റർ :എ2/960/22/25-02-2023 കരാർ : 21/22-23/07-03-2023	സെലക്ഷൻ ലെറ്റർ : എ2/960/22/06-03-2023 കരാർ : 22/20-03-2023

സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പദ്ധതികളിലായി തെരുവ് വിളക്കുകൾ സ്ഥാപിക്കൽ, തെരുവ് വിളക്കുകൾ റിപ്പയർ എന്നീ പ്രവൃത്തികൾ ഒരേ കാലയളവിൽ ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതികളുടെ ഫയൽ പരിശോധനയിൽ കണ്ട അപാകത ചുവടെ ചേർക്കുന്നു -

തെരുവ് വിളക്കുകൾ സ്ഥാപിക്കുന്ന കരാറുകാരൻ ഒരു വർഷത്തെ വാറന്റി കാലയളവിൽ ആയവയുടെ അറ്റകുറ്റപ്പണി സൗജന്യമായി നിർവഹിക്കേണ്ടതുണ്ട്. എന്നാൽ, പ്രൊജക്ട് നം. S0152/2024 പ്രകാരം സ്ഥാപിച്ച അതേ പോസ്റ്റിലെ വിളക്കുകൾ അവയുടെ വാറന്റി കാലയളവിൽ തന്നെ പ്രൊജക്ട് നം. S0149/2024 പ്രകാരം റിപ്പയർ ചെയ്ത് കരാറുകാരൻ തുക കൈപ്പറ്റിയിട്ടുണ്ട്. ഇത് ക്രമപ്രകാരമല്ല. വിശദവിവരം ചുവടെ ചേർക്കുന്നു -

ക്രമ നം.	വാർഡ്	പോസ്റ്റ് നമ്പർ
1	4	V-KC-57/6
2		V-KC-57/8/3
3		V-MC-10-42-5
4		V-KC-27/46
5		V-KC-57/8/4
6		V-KC-57/8/6
7		V-KC-57/8/7
8		V-CR-68/16
9		V-CR-81/6
10	5	V-KC-54
11		V-KC-63/1
12		V-KC-63/2
13		V-KC-63/7
14		V-KC-63/9
15		V-KC-63/10
16		V-KC-63/10/2
17		V-KC-63/15
18		V-KC-63/17
19		V-KC-63/18
20		V-KC-63/19
21		V-KC-63/20/1
22		V-KC-71
23		V-KC-74/5
24		V-KC-74/6
25		V-KC-78
26		V-KC-66
27		V-KC-75
28		V-KC-72
29		V-KC-82
30		V-KC-30
31		V-KC-32
32		V-KC-38
33		V-KC-40
34		V-KC-43

35		V-KC-46
36		V-KC-48
37		V-KC-49
38	6	CR-68-6-4
39		CR-68-6-6
40		CR-68-1-2
41		CR-68-1-3
42		CR-68-1-4
43		CR-68-1-5
44		CR-88
45		CR-94
46		CR-95
47		CR-76/10
48		CR-76/12
49		CR-76/16
50		CR-50/5
51		CR-50/12
52	10	V-VT-159-11
53		V-VT-164
54		V-VT-153/B
55		V-VT-149
56		V-VT-190
57		V-VT-195
58		V-VT-137/12
59		V-VT-145

അപാകതക്ക് മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറി നം. 25/13-08-2024 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ക്രമപ്രകാരമല്ലാതെ നൽകിയ 30,975 രൂപ (59X525) തിരികെ ഈടാക്കേണ്ടതാണ്.

1-26 തെരുവ് വിളക്ക് പരിപാലന പദ്ധതികൾ - അപാകതകൾ

തെരുവ് വിളക്ക് പരിപാലനത്തിനായി രണ്ട് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ആയതിന്റെ പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു -

1-27 ഡിസ്കൗണ്ട് ലഭ്യമായില്ല- പത്രപരസ്യം നൽകിയതിന് അധികച്ചെലവുണ്ടായി.

വൗച്ചർ നം. 22300654/20.12.2023 : 12600
ബിൽ നം. MA/23-24/1375/12-10-2023 : 12600

വസ്തുനികുതി സംബന്ധിച്ച അന്തിമ വിജ്ഞാപനത്തിന്റെ പരസ്യം പ്രസിദ്ധീകരിച്ചതിന്റെ തുക മേൽ വൗച്ചർ പ്രകാരം സുപ്രഭാതം ദിനപ്പത്രത്തിന് നൽകിയിട്ടുണ്ട്. ജി.ഒ (ആർ.ടി) 01/2011/ഐ.ആന്റ്.പി.ആർ.ഡി തീ.04-01-2011 പ്രകാരം പരസ്യങ്ങൾ പി.ആർ.ഡി മുഖേന നൽകിയാലും നേരിട്ട് നൽകിയാലും 15% ഡിസ്കൗണ്ട് അനുവദിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ, നിയമാനുസൃതം ലഭിക്കേണ്ട കിഴിവ് കറവ് ചെയ്യാതെ മാധ്യമ സ്ഥാപനം സമർപ്പിച്ച മുഴുവൻ ബിൽ തുകയും മേൽ വൗച്ചർ പ്രകാരം അനുവദിച്ചു നൽകുകയാണ് ചെയ്തത്.

അർഹമായ ഡിസ്കൌണ്ട് 15% കുറവ് ചെയ്യാതെ സ്ഥാപനത്തിന് തുക നൽകിയതിന് കാരണം അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് എൻകയറി നം. 27/13-08-2024 ഡിസ്കൗണ്ട് കുറച്ചുള്ള തുകയാണ് നൽകിയതെന്ന കൃത്യതയില്ലാത്ത മറുപടിയാണ് ലഭ്യമാക്കിയത്. അധികം നൽകിയ തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-28 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്-അധികം നൽകിയ 1300രൂപ തടസ്സം ചെയ്യുന്നു

പ്രൊജക്ട് 33/24
അടങ്കൽ: 32,00,000(വികസന ഫണ്ട് ജനറൽ 20,00,000/-, ബ്ലോക്ക് വിഹിതം 9,00,000/- ജില്ലാ പഞ്ചായത്ത് 3,00,000/-)
ചെലവ്: 28,58,000/- (വികസന ഫണ്ട് 16,58,000/-, ബ്ലോക്ക് പഞ്ചായത്ത് വിഹിതം 9,00,000/- ജില്ലാ പഞ്ചായത്ത് 3,00,000/-)
2023-24 സാമ്പത്തിക വർഷം ബിൽ നമ്പർ 231506520359009702 81/22.12.23 പ്രകാരമുള്ള 23,60,000 രൂപയുടെ ബില്ലിൽ ഉൾപ്പെടുത്തി നിദാ നൌഷാദ് എന്ന ഗുണഭോക്താവിന് 10600 രൂപ നൽകിയിട്ടുണ്ട്. ലഭ്യമാക്കിയ രേഖകൾ പ്രകാരം 3-ാം ക്ലാസ് വിദ്യാർത്ഥിയും ശാരീരിക വൈകല്യമുള്ളയാളുമായ അവർക്ക് അർഹമായ ആകെ സ്കോളർഷിപ്പ് തുക 9300 രൂപയാണ്. അധികംനൽകിയത് 1300 രൂപ. ഇക്കാര്യത്തിൽ വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 9/09.08.2024 നമ്പർ അന്വേഷണക്കുറിപ്പിന് മറുപടിയായി ശ്രദ്ധക്കുറവ് കാരണമാണ് ഇങ്ങനെ സംഭവിച്ചത് എന്നും അധികം നൽകിയ തുക 2024-25 സാമ്പത്തിക വർഷംക്രമീകരിക്കുമെന്നും അറിയിച്ചു. തുടർ നടപടി വിവരം അറിയിക്കുന്നത് വരെ 1300

രൂപ തടസ്സം ചെയ്യുന്നു.

1-29 ഫെസ്റ്റിവൽ അഡ്വാൻസ് തുക അടവാക്കിയത് - രശീതി ഹാജരാക്കിയില്ല

ഗ്രാമ പഞ്ചായത്തിലേക്ക് സ്ഥലം മാറി വന്ന താഴെപ്പറയുന്ന ഉദ്യോഗസ്ഥരുടെ ശമ്പളത്തിൽ നിന്നും ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ അതാത് സ്ഥാപനങ്ങളിലേക്ക് തിരിച്ചടവാക്കുന്നതിനായി തുക കുറവ് ചെയ്തിട്ടുണ്ട് -ബന്ധപ്പെട്ട സ്ഥാപനത്തിൽ അടവാക്കിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ് .

ക്രമ നം.	ഉദ്യോഗസ്ഥന്റെ പേര്	ശമ്പളത്തിൽ നിന്നും കുറവ് ചെയ്ത തുക	വൗച്ചർ നമ്പർ/തീയതി
1	ശ്രീമതി ആമിന എ.എസ്, സീനിയർ ക്ലർക്ക്	8000	22400030/09-04-2024
2	ശ്രീ. ശ്രീജിത്ത് പി.കെ, ഡ്രൈവർ	16000	22300917/18-03-2024
3	ശ്രീ. ഷഫീഖ് റഹ്മാൻ, ഓഫീസ് അറ്റന്റന്റ്	8000	22300930/22-03-2024

ബന്ധപ്പെട്ട സ്ഥാപനത്തിൽ തുക അടവാക്കിയതിന്റെ ILGMS-ൽ നിന്നുള്ള രശീതി പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.8/09.08.2024 ക്ക് ആയതിന്റെ ലെഡ്ജർ റിപ്പോർട്ട് ആണ് ലഭ്യമാക്കിയത്. ബന്ധപ്പെട്ട സ്ഥാപനത്തിൽ തുക അടവാക്കിയതിന്റെ ILGMS-ൽ നിന്നുള്ള രശീതി പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

1-30 എസ്.എസ്.കെ. വിഹിതം അടവാക്കൽ - രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവ് തടസ്സം ചെയ്യുന്നു

പ്രൊജക്ട് : എസ്.എസ്.എ. വിഹിതം അടവാക്കൽ
നം : S0001/2024
അടങ്കൽ - 22,81,550 (വികസന ഫണ്ട് - ജനറൽ)
BRN : : 23150652007200263826/03-07-2023 : 22,81,550

സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം 22,81,550 രൂപ സ്റ്റേറ്റ് പ്രൊജക്ട് ഓഫീസർ, എസ്.എസ്.കെ ക്ക് നൽകിയിട്ടുണ്ട്. ജി.ഒ (എം.എസ്) 84/2022 തി. 19-04-2022, ഖണ്ഡിക8-6 (3),(4),(5) പ്രകാരം എസ്.എസ്.കെ പ്രൊജക്ടുകൾ തയ്യാറാക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനം മുഖ്യപങ്ക് വഹിക്കേണ്ടതാണ്. ഇപ്രകാരം പ്രൊജക്ടുകൾ നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. തുക കൈപ്പറ്റിയതിന്റെ രശീതി, ഗ്രാമപഞ്ചായത്ത് പരിധിയിൽപ്പെട്ട സ്ക്കൂളുകളിൽ പ്രസ്തുത തുക ചെലവഴിച്ചതിന്റെ വിശദ വിവരങ്ങൾ ഉൾക്കൊള്ളുന്ന വിനിയോഗ സാക്ഷ്യപത്രം എന്നിവയും പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നം.17/12-08-2024ന് മറുപടി ലഭ്യമാക്കിയിട്ടില്ല.രേഖകൾ ലഭ്യമാക്കുന്നത് വരെ ചെലവ് തുക 22,81,550 രൂപ തടസ്സം ചെയ്യുന്നു.

1-31 സ്കൂളുകളിലേക്ക് സൗണ്ട് ബോക്സ്, മൈക്ക് സ്പീക്കർ വാങ്ങൽ -നിർവ്വഹണത്തിലെ അപാകതകൾ

പ്രോജക്ട് നമ്പർ- 156/23 ജി.എം. എൽ.പി.സ്കൂൾ തിരുത്തി, ജി.എം.എൽ.പി.സ്കൂൾ നന്നമ്പ്ര സൗണ്ട് ബോക്സ്, മൈക്ക് സ്പീക്കർ വാങ്ങൽ (സ്പിൽ ഓവർ)
നിർവ്വഹണോദ്യോഗസ്ഥൻ- ഹെഡ് മാസ്റ്റർ,ഗവൺമെന്റ് എൽ.പി.സ്കൂൾ, ചെറുമുക്ക്.
അടങ്കൽ-1,00,000/-(വികസന ഫണ്ട്)
ബിൽ നമ്പർ - 23150652035800123178/24.05.23 ₹93,960/-
മേൽ പ്രോജക്ട് പ്രകാരം ജി.എം.എൽ.പി.സ്കൂൾ തിരുത്തി, ജി.എം.എൽ.പി.സ്കൂൾ നന്നമ്പ്ര സൗണ്ട് ബോക്സ് മൈക്ക് സ്പീക്കർ എന്നിവ വാങ്ങുന്നതിനാണ് മേൽ തുക ചെലവഴിച്ചിരിക്കുന്നത്. പദ്ധതി നിർവ്വഹണം നടത്തിയതിൽ ചുവടെ കൊടുക്കുന്ന അപാകതകൾ കാണുന്നു.

1) ജി.ഒ(പി)നം.7/19/എസ്.പി.ഡി തിയതി 26-04-2019 പ്രകാരം വരുത്തിയ ഭേദഗതികൾ പ്രകാരം എല്ലാ സർക്കാർ വകുപ്പുകളും 25000 രൂപയ്ക്കു മുകളിലുള്ള സാധനങ്ങളും സേവനങ്ങളും നിർബന്ധമായും ജെം മുഖേന സമാഹരിക്കേണ്ടതാണ്. എതെങ്കിലും പ്രത്യേക ഇനം GeM ൽ ലഭ്യമല്ലാത്തതിനാൽ ആയത് GeM മുഖേന വാങ്ങുന്നത് ഉചിതമല്ലെന്ന് വകുപ്പു മേധാവിക്ക് ബോദ്ധ്യപ്പെട്ടാലോ സ്പെസിഫിക്കേഷനോ ആവശ്യകതയോ വളരെ പ്രത്യേകതയുള്ളതാണെങ്കിലോ കാരണം രേഖപ്പെടുത്തിയതിനുശേഷം സ്റ്റോർസ് പർച്ചേസ് മാനുവലിൽ സൂചിപ്പിച്ചിട്ടുള്ള മറ്റു മാർഗ്ഗങ്ങളിലൂടെ(ക്വട്ടേഷൻ, ടെണ്ടർ മുതലായവ) ആയത് വാങ്ങാവുന്നതാണ്.എന്നാൽ GeM ൽ നിന്നും വാങ്ങാതിരിക്കുന്നതിന് വ്യക്തമായ കാരണങ്ങൾ രേഖപ്പെടുത്താതെയാണ് AW Agencies, Kakkad എന്ന സ്ഥാപനത്തിൽ നിന്നും ടെണ്ടർ നടപടിയിലൂടെ 93,960/-രൂപയ്ക്ക് സാധനങ്ങൾ വാങ്ങിയിട്ടുള്ളത്. (ഇൻവോയ്സ് നമ്പർ 888/20.03.2023 ₹93,960/-)

2) പദ്ധതി മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല.

മേൽ അപാകതകൾക്ക് രേഖകൾ/മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകുയറിയ്ക്ക്(നമ്പർ13/12.08.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും വാങ്ങൽ നടപടികൾ സർക്കാർ ഉത്തരവിനനുസൃതവുമാണെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

1-32 തുല്ല്യത പരീക്ഷ-രേഖകൾ ലഭ്യമാക്കാത്തതിനാൽ ₹1,48,250തടസ്സം ചെയ്യുന്നു.

പ്രൊജക്ട് : S0024/2024 തുല്ല്യത പരീക്ഷ
നിർവ്വഹണോദ്യോഗസ്ഥൻ- ഹെഡ് മാസ്ററർ,ഗവ.എൽ.പി.സ്കൂൾ
അടങ്കൽ - 2,75,000 (തനത് ഫണ്ട്)
ചെലവ്- 1,48,250/-
വൗച്ചർ നമ്പർ -22300768/3.2.2024 - 39100/-
- 22300767/3.2.2024 - 109150/-

ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം തുല്യതാ പരീക്ഷക്ക് ഫീസ് നൽകുന്നതിന് 1,48,250/- രൂപ കേരള സംസ്ഥാന സാക്ഷരതാ മിഷന് നൽകിയിട്ടുണ്ട്. മേൽ പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ അഡ്മിഷൻ/രജിസ്ട്രേഷൻ ഫീസിനത്തിൽ പ്ലസ് വൺ വിഭാഗത്തിൽ 17 വിദ്യാർത്ഥികൾക്കായി 39100രൂപയും പത്താംതരം വിഭാഗത്തിൽ 59 വിദ്യാർത്ഥികൾക്കായി 109150/- രൂപയും അടവാക്കി.

പ്രൊജക്ട് ഫയൽ പരിശോധിച്ചതിൽ തുക കൈപ്പറ്റിയതിന്റെ രസീതി, ഓരോ വിദ്യാർത്ഥിയും തുല്യതാ പരീക്ഷയ്ക്ക് രജിസ്ററർ ചെയ്തതിന്റെ രേഖകൾ, പഠനം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ എന്നിവ ലഭ്യമല്ല.

രേഖകൾ പരിശോധനയക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകുയറിയ്ക്ക് (29/2023-24 തീയതി.1208.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. ആവശ്യപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നത് വരെ ചെലവ് തുക 1,48,250/-രൂപ തടസ്സം ചെയ്യുന്നു.

1-33 പാലപ്പറത്താഴം മുക്കായി കൈതവളപ്പ് റോഡ് പുനരുദ്ധാരണം വാർഡ്-21-പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച പ്രവൃത്തിയിൽ താഴെ പരാമർശിച്ച അപാകതകൾ കാണുന്നു
1.മണ്ണ് നീക്കം ചെയ്യുന്നതിന് Bull Dozer, Hydraulic Excavator എന്നിവ ഉപയോഗിക്കുന്നതിന് റോഡു സൗകര്യം ഉള്ളതിനാൽ Dozer ഉപയോഗിച്ച് മണ്ണ് നീക്കം ചെയ്യുന്നതിനുള്ള നിരക്കാണ് (MoRD Code 3.5.2) അനുവദനീയമായത്. മേൽ പ്രവൃത്തിയിൽ മാനുവൽ ആയി മണ്ണ് നീക്കം ചെയ്തതായി കണക്കാക്കി ഉയർന്ന നിരക്ക് (MoRD Code 3.5.1) ആണ് അനുവദിച്ചിട്ടുള്ളത്. ഉയർന്ന നിരക്ക് അനുവദിച്ചത് മൂലം ചുവടെ ചേർക്കും പ്രകാരം അധിക ചെലവ് ഉണ്ടായിട്ടുണ്ട്. (അസിസ്റ്റന്റ് എഞ്ചിനീയറുമൊന്നിച്ച് നടത്തിയ സ്ഥല പരിശോധനയിൽ പ്രവൃത്തി സൈറ്റിലേക്ക് ഗതാഗത യോഗ്യമായ റോഡ് സൗകര്യം ഉണ്ടെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്.)

പാലപ്പറത്താഴം മുക്കായി കൈതവളപ്പ് റോഡ് പുനരുദ്ധാരണം വാർഡ്-21

പ്രൊജക്ട്	പാലപ്പറത്താഴം മുക്കായി കൈതവളപ്പ് റോഡ് പുനരുദ്ധാരണം വാർഡ്-21 (192/23-24)
അടങ്കൽ/ ചെലവ്	500000/499568 (MG-Road-350000, Own Fund 1,50000)/ (MG-Road-350000,Own Fund -149568)
കരാർ	04/AE/LSGD/NBRA/2022-23 Dt 18.01.2023
ടി എസ്	55505/2022 -23 Dt 18.11.22
വൗച്ചർ/ബിൽ നം	22300925-/21.03.24 ₹69568/- 22300918/18.03.2024 ₹80000/- 23150652035701122080/27.01.24-₹350000/-
കരാറുകാരൻ	സമീർ.പി
M Book	ഇ എം ബുക്ക്
നൽകിയ തുക (MoRD Code 3.5.1 പ്രകാരം- @ 360.75-Cost Index 36.44% & Tender Variation-0)	11233.76+18%=13255.83 (31.140m3x@ 360.75/m3)

നൽകാവുന്ന തുക (MoRD Code 3.5.2 പ്രകാരം- @ 64.45/M^3- Cost Index 36.44% & Tender Variation-0)	2006.97+18%=2368.22 (31.140m3x@64.45/m3)
അധികം നൽകിയ തുക	9226.79+18%=10888.

2. ടി പ്രവൃത്തിയുടെ ഇനം 1 ൽ ലഭ്യമായ മണ്ണ് (31.14 Cum) ഇനം 3 മണ്ണ് ഫില്ലിംഗിന് ഉപയോഗിച്ചതായി കാണുന്നില്ല. ഇനം 3 ൽ 155മീ. നീളം 3.20 മീ.വീതി .300 മീ.ആഴം മണ്ണ് ഫില്ലിംഗിന് 148.800 Cum (കരാറുകാരന്റെ മണ്ണ്)ഉപയോഗിച്ചതായും 331.90/cum നിരക്കിൽ 49386.72+GST കരാറുകാരന് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കിളച്ചെടുത്ത 31.14 M3 മണ്ണ് എപ്രകാരമാണ് ഉപയോഗിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കേണ്ടതാണ്.

അപാകതകൾക്ക് മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറിയ്ക്ക് (നമ്പർ 32/13.08.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് പരാമർശത്തിൻമേൽ വിശദീകരണം ലഭ്യമാക്കുകയോ, അധികം നൽകിയ തുക തിരിച്ചടവാക്കുകയോ ചെയ്യേണ്ടതാണ്. പ്രവൃത്തിയുടെ ഭാഗമായി കിളച്ചെടുത്ത മണ്ണ് ഫില്ലിംഗിനായി കരാറുകാരൻ ഉപയോഗിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വാലേഷൻ നടത്തി ടി തുകയും തിരിച്ചടവാക്കേണ്ടതാണ്.

1-34 ഗ്രാമപഞ്ചായത്തിലെ പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ് അപാകതകൾ

അസിസ്റ്റന്റ് എഞ്ചിനിയർ 2023-24 ൽ നടപ്പാക്കിയ പ്രൊജക്ടുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധയിപ്പെട്ടു.

I) മരാമത്ത് മേഖലയിൽ പ്രോജക്ടുകൾ നടപ്പിലാക്കിയില്ല- വകയിരുത്തിയ ഫണ്ടിൽ വൻ തുക ലാപ്സായി.

ഗ്രാമ പഞ്ചായത്തിന്റെ 2023-24 വർഷത്തെ വാർഷിക പദ്ധതിയിലുൾപ്പെടുത്തിയ മരാമത്ത് പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പാക്കി സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുമ്പ് ഫണ്ട് ചെലവഴിക്കാൻ കഴിയാത്തതിനാൽ റോഡ്/ റോഡിതര മെയിന്റനൻസ് ഗ്രാന്റിനത്തിൽ വൻ തുക ഗ്രാമ പഞ്ചായത്തിന് ലാപ്സായി. പഞ്ചായത്തിലെ വിവിധ വികസന പ്രവർത്തനങ്ങൾക്കും അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്നതിനും ആസ്തി സംരക്ഷണത്തിനും വേണ്ടി വിനിയോഗിക്കേണ്ടതായ ഫണ്ടാണ് പദ്ധതി നിർവ്വഹണത്തിലെ മെല്ലെപ്പോക്കും എഞ്ചിനീയറിംഗ് സംവിധാനത്തിന്റെ ജീവനക്കാരുടെ കുറവ് മൂലവും പഞ്ചായത്തിന് വിനിയോഗിക്കാനാവാതെ ലാപ്സായത്.
ലാപ്സായ ഫണ്ടിന്റെ വിവരം ചുവടെ ചേർക്കുന്നു.

ഫണ്ടിനം	ബജറ്റ് അലോക്കേഷൻ പ്രകാരം വരവ് തുക	ചെലവഴിച്ച തുക	ബാലൻസ് (ലാപ്സായത്)
എം.ജി.(റോഡ്)	63,04,000	38,45,892	24,58,108
എം.ജി. (നോൺറോഡ്)	35,97,000 (അസി.എഞ്ചിനീയറുടെ പ്രോജക്ടുകൾക്ക് വകയിരുത്തിയ വിഹിതം മാത്രം)	0	35,97,000
ആകെ			60,55,108

അസി. എഞ്ചിനീയറുടെ പ്രോജക്ട് വിശകലനം ചുവടെ ചേർക്കുന്നു.

	സ്പിൽഓവർ	പുതിയത്	ആകെ
അംഗീകരിച്ച പ്രോജക്ടുകൾ	40	43	83
നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ	15	1	16
നിർവ്വഹണം നടത്താത്ത പ്രോജക്ടുകൾ	25	42	67
വകയിരുത്തിയ ഫണ്ട്			3,36,20,991
ചെലവഴിച്ചത്			51,69,404
ചെലവ് ശതമാനം			15.37

II). ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കാൻ പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ആസ്തികളുടെ സമഗ്ര

വികസനമാണ് ഇതു കൊണ്ട് ഉദ്ദേശിക്കുന്നത്. പദ്ധതി പരിശോധിച്ചതിൽ സർക്കാർ നിർദ്ദേശിക്കും പ്രകാരമുള്ള ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല എന്ന് വ്യക്തമായി. പദ്ധതികൾ നടപ്പിലാക്കുന്നതിന് മുൻപ് ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

III). ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ആസ്തികളുടെ വിവരം രേഖപ്പെടുത്തുന്ന ആസ്തി രജിസ്റ്ററിൽ കാലാകാലങ്ങളിലുള്ള വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല. മിക്ക ആസ്തികളുടെ അപൂർണ്ണമായ വിവരങ്ങൾ ആണ് രജിസ്റ്ററിൽ ചേർത്തിട്ടുള്ളത്. സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

II). റോഡ് കണക്റ്റിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയിട്ടില്ല.

പദ്ധതിയുടെ ഭാഗമായി റോഡ് കണക്ടിവിറ്റി മാപ്പ്, റോഡ് കണക്ടിവിറ്റി പ്ലാൻ എന്നിവ തയ്യാറാക്കണമെന്ന് പദ്ധതി മാർഗ്ഗരേഖയിൽ നിർദേശിച്ചതാണ്. എന്നാൽ പ്രസ്തുത രേഖകൾ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയത് തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

വാർഷിക പദ്ധതിയിലുൾപ്പെടുത്തിയ വർക്കുകൾ പൂർത്തീകരിക്കാൻ കഴിയാത്തതിലും അത് വഴി ഗ്രാമ പഞ്ചായത്തിന് വൻ തുക ലാപ്സായതിലും അസി. എഞ്ചിനീയർക്ക് വിശദീകരണമുണ്ടെങ്കിൽ രേഖാമൂലം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകുയറിയ്ക്ക് (നമ്പർ - 31/13.8.2024) മറുപടി ലഭ്യമായിട്ടില്ല. മേൽ വിഷയങ്ങളിൽ വിശദീകരണം/പരിഹാര നടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

1-35 അംഗനവാടികൾ- ഭൗതീക സൗകര്യങ്ങൾ പര്യാപ്തമല്ല.

നന്നമ്പ്ര ഗ്രാമപഞ്ചായത്തിൽ 37 അംഗനവാടികളാണ് പ്രവർത്തിക്കുന്നത്. ആയതിൽ 20 എണ്ണത്തിന് മാത്രമാണ് സ്വന്തമായി ഭൂമിയുള്ളത്. 17 അംഗനവാടികൾക്ക് സ്വന്തം കെട്ടിടവുമുണ്ട്.ഗ്രാമപഞ്ചായത്തിലെ 19 അംഗനവാടികളും വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഒരെണ്ണം പഞ്ചായത്ത് കമ്മ്യൂണിറ്റി കെട്ടിടത്തിൽ പ്രവർത്തിക്കുന്നു.

വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നവയിൽ 19 എണ്ണത്തിൽ 3 എണ്ണത്തിന് സ്വന്തമായി ഭൂമി ഉണ്ടെങ്കിലും കെട്ടിട സൗകര്യമില്ല.

2023-24 വർഷത്തിൽ അംഗനവാടികൾക്കായി താഴെ പറയും പ്രകാരം 11 പ്രൊജക്ടുകൾ തയ്യാറാക്കിയിട്ടുണ്ടെങ്കിലും പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. ഓഡിറ്റ് കാലയളവിൽ ഈയിനത്തിൽ ചെലവുകൾ ഒന്നുമില്ല.

ക്രമ നമ്പർ	പ്രൊജക്ട്	അടങ്കൽ	ചെലവ്
1	239/24 വാർഡ്14 അങ്കണവാടി കെട്ടിടം നവീകരണം	3,00,000	0
2	244/23 വാർഡ് 13 അങ്കണവാടി കെട്ടിടം നിർമ്മാണം	10,00,000	0
3	237/24 വാർഡ്10 അങ്കണവാടി മതിൽ നവീകരണം	50,000	0
4	169/24 അങ്കണവാടികളിൽ കുടിവെള്ളത്തിന് മോട്ടോർ ടാങ്ക് എന്നിവ സ്ഥാപിക്കൽ	5,00,000	0
5	38/24 മൂച്ചിക്കൽ അങ്കണവാടി കെട്ടിടത്തിന്ചുറ്റുമതിൽ ഷീറ്റ് വകർക്ക് ഇന്റർലോക്ക്	4,00,000	0
6	43/24 വാർഡ് 15 അങ്കണവാടി നടപ്പാതക്ക്കൈവരി	1,00,000	0
7	46/24 113-ാം നമ്പർ അങ്കണവാടി കെട്ടിട നിർമ്മാണം	10,00,000	0
8	47/24 128-ാം നമ്പർ അങ്കണവാടി കെട്ടിട നിർമ്മാണം വാർഡ് 15	10,00,000	0
9	195/24 അങ്കണവാടി നവീകരണം വാർഡ് 5	3,00,000	0
10	178/24 മൂച്ചിക്കൽ അങ്കണവാടി കെട്ടിട നിർമ്മാണം	4,85,400	0

11	188/24 അംഗൻവാടി കെട്ടിടങ്ങളുടെ റിപ്പയർ	7,92,000	0

അംഗനവാടികൾ നടത്തലും, അവയ്ക്കാവശ്യമായ സൗകര്യങ്ങൾ ഒരുക്കലും പഞ്ചായത്തിന്റെ ചുമതലയാണ്. പഞ്ചയത്ത് ഫണ്ട്, ബ്ലോക്ക്-ജില്ലാ പഞ്ചായത്ത്, വകുപ്പ് എന്നിവയുമായി സഹകരിച്ച് അംഗനവാടികൾ സ്വന്തം കെട്ടിടവും മറ്റു സൗകര്യങ്ങളും ഒരുക്കുന്നതിന് സാധ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. പരാമർശം പഞ്ചായത്ത് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

1-36 ടെണ്ടർ ഫീ പഞ്ചായത്ത് ഫണ്ടിലേക്ക് കൈമാറിയിട്ടില്ല

എൽ.എസ്.ജി.ഡി സെക്ഷൻ അസിസ്റ്റന്റ്. എഞ്ചിനിയറുടെ പേരിൽ SBI യുടെ കൊടിഞ്ഞി ശാഖയിലെ 41359302055 നമ്പർ ബാങ്ക് അക്കൗണ്ടിലാണ് ടെണ്ടർ ഫീസിനത്തിലുള്ള വരവുകൾ വരുന്നത്. 31.3.2024 ന് 22800/- രൂപ ഈ അക്കൗണ്ടിൽ നീക്കിയിരിപ്പ് ഉണ്ട്. ബാങ്ക് സ്റ്റേറ്റ് മെന്റ് പ്രകാരം ഇത് ടെണ്ടർ ഫീസിനത്തിലുള്ള വരവുകളാണ്. സാമ്പത്തിക വർഷാവസാനത്തിൽ ടെണ്ടർ ഫീസിനത്തിൽ ലഭിച്ച വരവുകൾ മുഴുവനായും ഗ്രാമ പഞ്ചായത്തിലേക്ക് കൈമാറേണ്ടതായിരുന്നുവെങ്കിലും ചെയ്തിട്ടില്ല. 29.11.2023ലാണ് അവസാനമായി ഗ്രാമ പഞ്ചായത്ത് ഫണ്ടിലേക്ക് കൈമാറിയത് 93175/-രൂപ). ഇക്കാരണത്താൽ ഗ്രാമ പഞ്ചായത്തിന്റെ 2023-24 വർഷത്തെ വാർഷിക കണക്ക് തയ്യാറാക്കിയപ്പോൾ തൻവർഷത്തിൽ ടെണ്ടർ ഫീസിനത്തിൽ ലഭിച്ച എല്ലാ വരവുകളും ഉൾപ്പെട്ടിട്ടില്ല എന്ന് വ്യക്തമാണ്. 21.07.2024 പ്രകാരം 63110/- രൂപ നീക്കിയിരുപ്പായുണ്ട്. 29.11.2023 ൽ 93175/-രൂപ ഗ്രാമ പഞ്ചായത്ത് ഫണ്ടിലേക്ക് കൈമാറിയതിന്റെ രശീതി പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുമില്ല.
അപാകതകൾക്ക് മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിയ്ക്ക് (നമ്പർ 30/2023-24 തീയതി 13.08.2024) മറുപടി/രേഖകൾ ഹാജരാക്കിയിട്ടില്ല. അപാകത പരിഹരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

1-37 പാലിയേറ്റീവ് കെയർ- പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

പ്രോജക്ട് നം. 108/24 പാലിയേറ്റീവ് കെയർ
നിർവ്വഹണോദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.
അടങ്കൽ - 10,00,000 (വികസന ഫണ്ട്-5,50,000, ബ്ലോക്ക് പഞ്ചായത്ത് വിഹിതം-2,00,000, മെയിന്റനൻസ് ഫണ്ട് റോഡിതരം- 2,50,000)
ആകെ ചെലവ്- 4,02,957 (വികസന ഫണ്ട്.-2,80,457, മെയിന്റനൻസ് ഫണ്ട് റോഡിതരം- 1,22,500)
ബിൽ നമ്പർ – 23150652036101320330 5/5.3.2024 ₹50,000/- (ആകെ ചെലവ് തുകയിൽ ബാക്കിയുള്ള 3,52,957 രൂപ പരിരക്ഷ നഴ്സ് വേതനം, ഭക്ഷണം, വാഹന വാടക എന്നിവക്കായി ചെലവഴിച്ചിട്ടുണ്ട്.)

07.03.2019 ലെ സ.ഉ.(സാധാ) നം.553/2019 പ്രകാരം പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ പരിഷ്കരിച്ച മാർഗ്ഗരേഖ പുറിപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ മേൽ പ്രോജക്ട് നിർവ്വഹണം നടത്തിയപ്പോൾ മാർഗ്ഗരേഖയിലെ ചുവടെ കൊടുക്കുന്ന നിർദ്ദേശങ്ങൾ പാലിച്ചതായി കാണുന്നില്ല.

1) മേൽ ഉത്തരവ് ഖണ്ഡിക 2.2 പ്രകാരം ദീർഘകാല പരിചരണം ആവശ്യമായ രോഗികളെ കണ്ടെത്തി വാർഡ് അടിസ്ഥാനത്തിൽ ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ അപ്രകാരമുള്ള ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.

2) മേൽ ഉത്തരവ് ഖണ്ഡിക 2.9പ്രകാരം പാലിയേറ്റീവ് കെയർ പദ്ധതിയുടെ നടത്തിപ്പിനും മേൽനോട്ടം വഹിക്കുന്നതിനുമായി ഒരോ സാമ്പത്തിക വർഷത്തിനു മുൻപും ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ചെയർപേഴ്സണായും മെഡിക്കൽ ഓഫീസർ മെമ്പർ സെക്രട്ടറിയായും പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി രൂപീകരിക്കേണ്ടതും രണ്ട് മാസത്തിലൊരിക്കെലെങ്കിലും യോഗം ചേരേണ്ടതും ഓരോമാസത്തേയും വരവ് ചെലവ് കണക്കുകൾ മെമ്പർ സെക്രട്ടറി യോഗത്തിൽ അവതരിപ്പിക്കേണ്ടതും പി,എം.സി.ആയത് അംഗീകരിക്കേണ്ടതുമാണ് എന്ന് നിർദേശിച്ചിരിക്കുന്നു. എന്നാൽ 2023-24 വർഷത്തിൽ 25.08.23,10.1.24 തീയതികളിലായി 2 യോഗങ്ങൾ മാത്രമാണ് ചേർന്നിട്ടുള്ളത്

3) ഈ പദ്ധതിയുടെ ഭാഗമായി പരിരക്ഷാ കിടപ്പുരോഗികൾക്ക് മരുന്ന് വാങ്ങുന്നതിനായി താഴെ പറയും പ്രകാരം കേരളാ മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് (പ്രഫോർമ ഇൻവോയ്സ് PRF4297/19.02.2024-₹ 50,000/-) മേൽ ബില്ല് പ്രകാരം തുക മുൻകൂർ നൽകിയിട്ടുണ്ട്.എന്നാൽ നാളിതുവരെ മരുന്നുകൾ ലഭ്യമായിട്ടില്ല.
മരുന്നുകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച തുടർ നടപടികളുടെ വിശദാംശങ്ങളും മേൽ സൂചിപ്പിച്ച മറ്റു അപാകതകൾക്കും മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിയ്ക്ക് (നമ്പർ 37/2023-24 തീയതി 13.08.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതും മറ്റു അപാകതകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

1-38 വാഹന വാടക - കരാറുകാരനിൽ നിന്നും ആദായ നികുതി ഈടാക്കിയില്ല.

മെഡിക്കൽ ഓഫീസർ (എഫ്.എച്ച്. സി)നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ പാലിയേറ്റീവ് കെയർ പദ്ധതി 108/24 പ്രോജക്ടിന്റെ ഭാഗമായി ഗൃഹ സന്ദർശനം നടത്തുന്നതിനായി ദിവസം 1100 രൂപ നിരക്കിൽ വാഹനം വാടകക്ക് എടുത്തിട്ടുണ്ട്. ഓഡിറ്റ് വർഷം വാടക ഇനത്തിൽ ആകെ 1,42,800രൂപ കരാറുകാരന് (ശ്രീ.മുഹമ്മദ് സി.പി)നൽകിയിട്ടുണ്ട്. ഇൻകം ടാക്സ് നിയമം സെക്ഷൻ 194C പ്രകാരം വാഹന വാടക ഇനത്തിൽ ഒരു വ്യക്തിക്ക് ഒരു വർഷം നൽകുന്ന തുക 1,00,000 രൂപയിൽ അധികരിക്കുന്നുവെങ്കിൽ 1% ആദായ നികുതി കരാറുകാരനിൽ നിന്ന് ഈടാക്കേണ്ടതുണ്ട്. എന്നാൽ മെഡിക്കൽ ഓഫീസർ കരാറുകാരനിൽ നിന്ന് ആദായ നികുതി ഈടാക്കാതെ മുഴുവൻ തുകയും കരാറുകാരന്

നൽകിയിരിക്കുകയാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ബിൽ നം./വൗച്ചർ നം/തീയ്യതി	വാഹന വാടക നൽകിയത്	ഈടാക്കേണ്ട ആദായ നികുതി
23150652036100806100/14.11.23	37200	1428
23150652036101289138/27.2.24	37400	
23150652036101494339/24.3.24	68200	
ആകെ	1,42,800	

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകുയറിയ്ക്ക് (നമ്പർ 38/2023-24 തീയതി 13.08.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത പരിഹരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

1-39 മരുന്നുകൾ ലഭ്യമാക്കാൻ അവശേഷിക്കുന്നു.

2023-24 സാമ്പത്തിക വർഷത്തിൽ എഫ്.എച്ച്.സി മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ മരുന്ന് വാങ്ങൽ പ്രകാരം KMSCL ന് തുക തുക നൽകിയിട്ടുണ്ട് . എന്നാൽ മുഴുവൻ മരുന്നുകളും ലഭ്യമായതായി കാണുന്നില്ല. ഓഡിറ്റിനു ഹാജരാക്കിയ രേഖകൾ പ്രകാരമുള്ള വിശദ വിവരം:

പ്രൊജക്ട് നമ്പർ /പേര്	KMSCL ന് നല്കിയ തുക/ പ്രഫോർമ ഇൻവോയിസ് വിവരം	ബിൽ നമ്പർ/ തിയ്യതി	ലഭ്യമായത് ഇൻവോയ്സ് നമ്പർ/ തിയ്യതി/തുക	ബാക്കി
109/24 കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങൽ അടങ്കൽ 12,00,000 രൂപ (5,00,000 വികസന ഫണ്ട് ജനറൽ, 7,00,000 - നോൺ റോഡ് മെയിന്റനൻസ്) ചെലവ് 7,00,000 രൂപ (നോൺ റോഡ് മെയിന്റനൻസ്)	PRF-3634/1.2.24-23566 രൂപ PRF3615/1.2.24-65824 രൂപ PRF3261/18.01.24 - 2,00,000 രൂപ	23150652036 101289108/27.02.24-89390 രൂപ 23150652036 101363205/13.3.24-2,00,000 രൂപ	1.3660/2.5.24- 908 2.6522/22.5.24-65824 3.8899/31.5.24- 257 4.21012/5.7.24- 2029 5.12778/13.6.24-23964 6.4715/8.5.24-9794 7.3566/2.5.24-106071 8.1522/9.4.24-3410 ആകെ - 212257	77133

അവശേഷിക്കുന്നവ ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ സ്റ്റോക്ക് എൻട്രി സാക്ഷ്യപ്പെടുത്തിയ ഇൻവോയ്സ് സഹിതമുള്ള സ്റ്റോക്ക് വിതരണ വിവരങ്ങൾ ഹാജരാക്കേണ്ടതും ലഭ്യമാകാത്ത പക്ഷം ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി സംബന്ധിച്ച വിശദാംശം അറിയിക്കേണ്ടതുമാണ്.
(ഓഡിറ്റ് എൻകുയറി നമ്പർ: 35/ തി. 13.08.24 ന് നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി ലഭ്യമായിട്ടില്ല.)

1-40 ഗ്രാമപഞ്ചായത്തിലെ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല

സ.ഉ (കൈ) 84/22 തസ്വഭവ തി. 19.4.2022 ലെ ഖണ്ഡിക 3.1.2 ൽ വർക്കിംഗ് ഗ്രൂപ്പുകളുടെ പനസംഘടന, ചുമതലകൾ എന്നിവ വ്യക്തമാക്കിയിട്ടുണ്ട്. 2023-24 വർഷത്തിലെ ഗ്രാമപഞ്ചായത്തിന്റെ വിവിധ വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിട്സ് പരിശോധിച്ചതിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല എന്ന് കാണുന്നു.

ഗ്രാമ പഞ്ചായത്തിലെ വർക്കിംഗ് ഗ്രൂപ്പുകളുടെ പുനസംഘടന,ചുമതലകൾ നിർവ്വഹിക്കൽ എന്നിവയിൽ ശ്രദ്ധയിൽ പെട്ട അപാകതകൾ താഴെ പറയുന്നു.

1. ഓരോ വർക്കിംഗ് ഗ്രൂപ്പിലും 10 മുതൽ 15 വരെ അംഗങ്ങൾ ആകാവുന്നതാണ്. എന്നാൽ മിനിട്സ് പരിശോധിച്ചതിൽ ഓരോ വർക്കിംഗ് ഗ്രൂപ്പിലെയും അംഗങ്ങൾ ആരൊക്കെയെന്ന് രേഖപ്പെടുത്തിയിട്ടില്ല.

2. വർക്കിംഗ് ഗ്രൂപ്പുകളിൽ വിശദമായ ചർച്ചകൾ നടത്തിയതായീ കാണുന്നില്ല.പ്രൊജക്ടുകൾ വിലയിരുത്തുകയോ അതനുസരിച്ച് ഇടപെടലുകൾ നടത്തുകയോ ചെയ്യുന്നില്ല. ചില നിർദ്ദാശങ്ങൾ എഴുതുക മാത്രമാണ് വർക്കിംഗ് ഗ്രൂപ്പുകൾ ചെയ്തിട്ടുള്ളത്.

3. വർക്കിംഗ് ഗ്രൂപ്പ് തീരുമാനങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

4. 2023-24 സാമ്പത്തിക വർഷം 12.12.2023 ന് ഒരു യോഗം മാത്രമാണ് ചേർന്നിട്ടുള്ളത്. മിനിട്സ് പൂർത്തിയാക്കി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

5. ദാരിദ്ര്യ ലഘൂകരണം, കുടിവെള്ളം/ശുചിത്വം,ആരോഗ്യം,മൃഗസംരക്ഷണം/ക്ഷീര വികസനം, കൃഷി എന്നീ വർക്കീംഗ് ഗ്രൂപ്പ് യോഗത്തിൽ പത്തോ അധിലധികമോ അംഗങ്ങൾ പങ്കെടുത്തതായി

രേഖപ്പെടുത്തിയിട്ടുണ്ട്.എന്നാൽ മറ്റു വർക്കിംഗ് ഗ്രൂപ്പുകളിൽ 6 ൽ കുറവ് അംഗങ്ങൾ മാത്രമാണ് ഹാജരായിട്ടുള്ളത്.
6. വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റിയായി പ്രവർത്തിക്കുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കുകയും പ്രൊജക്ടു് നിർവ്വഹണം മോണിറ്റർ ചെയ്യണമെന്നും മാർഗ്ഗരേഖയിൽ നിർദേശമുണ്ടെങ്കിലും അപ്രകാരം ചെയ്തിട്ടില്ല.
7. ഓരോ വർക്കിംഗ് ഗ്രൂപ്പും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മേൽനോട്ടത്തിൽ പ്രവർത്തിക്കേണ്ടതാണ്. എന്നാൽ അത്തരത്തിൽ ഒരു മേൽനോട്ടം ഉണ്ടായതായി രേഖകൾ ഒന്നുമില്ല.
8. സ.ഉ (കൈ) 84/22 തസ്വഭവ തി. 19.4.2022 ലെ ഖണ്ഡിക 3.1.2(ബി) യിൽ പ്രദിപാദിച്ച ചുമതലകൾ നിർവ്വഹിച്ചതായ രേഖപ്പെടുത്തലുകളോ തീരുമാനങ്ങളോ ഇല്ല.
അപാകതകൾ പരിഹരിച്ച്, വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ് (അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻകയറി 42/14.08.2024 ന് മറുപടി ലഭ്യമാക്കിയിട്ടില്ല)

ഭാഗം -2
വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ
[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3
ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ
[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ/തീയതി
2023-24	2023-24 വാർഷിക ഓഡിറ്റ് വേളയിൽ വാർഷികധനകാര്യ പത്രികയുടെ പരിശോധന നടത്തി.	ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി.

4-2 സംയുക്തപ്രൊജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	ലഭിച്ച തുക	പദ്ധതി പേര്,നം	ചെലവഴിച്ച തുക	നീക്കിയിരിപ്പ്
ബ്ലോക്ക് പഞ്ചായത്ത്	9,00,000	ലൈഫ് ഭവന നിർമ്മാണം-ജനറൽ-13/23-24	9,00,000	0
	3,00,000	ലൈഫ് ഭവന നിർമ്മാണം-എസ്.സി-19/23-24	3,00,000	0
	9,00,000	ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്-33/23-24	9,00,000	0
ജില്ലാ പഞ്ചായത്ത്	125000	എസ്.സി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ്-7/23-24	1,25,000	0
	3,00,000	ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്-33/23-24	3,00,000	0

സംയുക്ത പ്രൊജക്ടുകളുടെ നിർവ്വഹണത്തിന് ലഭിച്ച തുകയിൽ ചെലവഴിക്കാൻ അവശേഷിക്കുന്നത് എത്രയും വേഗം വിനിയോഗിക്കുന്നതിന് നടപടി സ്വീകരിക്കുകയോ അല്ലാത്തപക്ഷം തിരിച്ചടവാക്കുകയോ ചെയ്യേണ്ടതാണ്.

4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

നിർവ്വഹണ ഏജൻസി	പ്രവർത്തിയുടെ പേര്	വൗച്ചർ നം./ ബിൽ/ചെക്ക് നം.	മുൻകൂർ നല്കിയ തുക	ചെല വഴിച്ച തുക	പൂർത്തീ കരിച്ച വിവരം	ചെലവഴി ക്കാൻ ബാക്കി യുള്ള തുക

KSEB	ഇലക്ട്രിക് പോസ്റ്റ് മാറ്റി വെയ്ക്കൽ- 154/23-24	42300367/	1,17,071	10522	ലഭ്യമല്ല	1,06,549
	വാർഡ് 3 സ്ട്രീറ്റ് മെയിൻ- 232/23-24	42300581/	2,00,000	0	ലഭ്യമല്ല	2,00,000

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-5 വായ്പ / വായ്പാ തിരിച്ചടവ്

ഇല്ല

4-6 സ്ഥിര നിക്ഷേപം

വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം	52,43,451
തൻവർഷം നിക്ഷേപിച്ച തുക	3,95,043
ആകെ	56,38,494
തന്നാണ്ടിൽ പിൻവലിച്ച തുക	-
വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം	56,38,494

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം

നിക്ഷേപത്തിന്റെ വിവരം	തുക	രശീതി നം.
തിരൂരങ്ങാടി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് (Fixed Deposit)	24,27,994	004016003102Dated 21.03.2024
തിരൂരങ്ങാടി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് (Fixed Deposit)	32,10,000	00301600007791Dated 12.10.2023
മലപ്പുറം കോ-ഓപ്പറേറ്റീവ് സ്പിനിംഗ് മിൽസ് ഇകഇറ്റി ഷെയർ (Share Certificate)	500	S.No.55. Dated.27/07/1977
ആകെ	56,38,494	

4-7 ഓഡിറ്റ് റിക്കവറി

റിപ്പോർട്ട് വർഷം	ഭാഗം/ഖണ്ഡിക	ഈടാക്കിയ തുക	ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും	രശീതി നമ്പർ/തീയതി
2022-23	3-2	7682	അസി.എഞ്ചിനീയർ,LSGD	1230102616/22.12.2023
2022-23	1-32	4347	മൂത്തു.പി,കരാറുകാരൻ	1230105579/05.03.2024
2022-23	1-35	5740	നവാസുദ്ദീൻ.കെ, കരാറുകാരൻ	1230105776/11.03.2024
2022-23	1-36	8339	നവാസുദ്ദീൻ.കെ, കരാറുകാരൻ	1230105777/11.03.2024
2022-23	1-32	2016	കെയർ മെഡിസിറ്റി	1230101420/07.09.2023
2022-23	1-32	2800	കെയർ മെഡിസിറ്റി	1230101421/07.09.2023
2022-23	1-32	2800	ഐ.ഇ.സി ഹൈസ്കൂൾ	1230101488/12.09.2023
2022-23	1-32	672	മഹർപ്ലാസ ഓഡിറ്റോറിയം	1230101502/13.09.2023
2022-23	1-32	2800	മഹർപ്ലാസ ഓഡിറ്റോറിയം	1230101503/13.09.2023
2022-23	1-32	2800	സരസ്വതി വിദ്യാ നികേതൻ	1230101677/25.09.2023
2022-23	1-32	2800	MSIHSS കുണ്ടൂർ	1230101684/26.09.2023
2022-23	1-32	2800	പി.എം.എസ്.ടി ആർട്സ് ആൻഡ് സയൻസ് കോളേജ്	1230101685/26.09.2023
2022-23	1-32	750	അക്ബർ ഓഡിറ്റോറിയം	42301184/31.03.2024

ആകെ	46346

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
2002-03	3-2	2002-03	പൊതു പരാമർശം 10-1-3	കുടിവെള്ള പദ്ധതി അപാകതകൾ	നടപടി തുടരുന്നു
2014-15	2-2	2016-17	അനുബന്ധം-3	വസ്തു നികുതി	നടപടി തുടരുന്നു
2014-15	2-7	2016-17	അനുബന്ധം-4	തൊഴിൽ നികുതി	നടപടി തുടരുന്നു
2014-15	2-1	2016-17	അനുബന്ധം-3	വസ്തു നികുതി	നടപടി തുടരുന്നു
2015-16	2-3	2016-17	അനുബന്ധം-5	തൊഴിൽ നികുതി	നടപടി തുടരുന്നു

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ/ഈടാക്കാനവശേഷിക്കുന്ന തുക
ഇല്ല

ബി) സർചാർജ്ജ് നടപടി വഴി ഈടാക്കാനവശേഷിക്കുന്ന തുക

ക്രമനം	റിപ്പോർട്ട് വർഷം	ഖണ്ഡിക നമ്പർ	ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്.	സർചാർജ് സർട്ടിഫിക്കറ്റ്		സ്വയം അടവാക്കിയ തുക (രസീത് നമ്പർ, തിയ്യതി)	റവന്യു റിക്കവറിയിലൂടെ ഈടാക്കിയ തുക, രസീത്	ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ	കോടതി വ്യവഹാരങ്ങളിൽ		ആകെ ലഭ്യമായ തുക	അവശേഷിക്കുന്ന തുക
				നമ്പറും തിയ്യതിയും	തുക				ഉൾപെട്ട തുക	ഈടാക്കിയ തുക		
1	2006-07	3-2	ഡോ.ആർ. മുകുന്ദ വർമ മെഡിക്കൽ ഓഫീസർ പി.എച്ച്.സി (ആരോഗ്യം)	LF.9703/ Spl.Cell/ CSC/D1/11 Dt.15.12.2014	41800	അടവാക്കിയിട്ടില്ല	ഇല്ല	ഇല്ല	0	0	0	41800

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം.

ഓഡിറ്റ് വർഷത്തെ ആകെ വരവ്	155695022
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	100662407
വരവിനങ്ങളിലുള്ള നഷ്ടം	0
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	0
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	24,45,888

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം
ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-22	14,788	ശ്രീമതി സുകുമാരി എം, അസിസ്റ്റന്റ് സെക്രട്ടറി
1-28	1300	ശ്രീമതി.പങ്കജം.പി, ഐ.സി.ഡി.എസ് സൂപ്പർവൈസർ
1-30	2281550	ശ്രീ.ദേവേഷ്.എസ്, സെക്രട്ടറി
1-32	1,48,250	ശ്രീമതി.നിഷ,പി.കെ ,ഹെഡ് മിസ്ട്രസ്

ആകെ	24,45,888

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും.

ഇല്ല.

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം.	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
2005-06	കെ എസ് എ എ പി എം. 15/779/19 തിയ്യതി 15.10.19	3
2006-07	കെ എസ് എ എ പി എം. 15/779/19 തിയ്യതി 15.10.19	8
2007-08	കെ എസ് എ എ പി എം. 15/779/19 തിയ്യതി 15.10.19	12
2008-09	കെ എസ് എ എം പി എം. 15/1270/2010 തിയ്യതി 6.12.2022	9
2009-10	കെ എസ് എ എ പി എം. 15/779/19 തിയ്യതി 15.10.19	11
2010-11	കെ എസ് എ എം പി എം. 15/2147/2022 തിയ്യതി 30.9.2022	1
2011-12	കെ എസ് എ എം പി എം. 15/2147/2022 (1) തിയ്യതി 30.9.2022	7
2012-13	കെ എസ് എ എം പി എം. 15/2147/2022 (2) തിയ്യതി 30.9.2022	2
2013-14 & 204-15	കെ എസ് എ എം പി എം. 15/2147/2022 (3) തിയ്യതി 30.9.2022	7
2015-16	കെ എസ് എ എം പി എം. 15/1/17 തിയ്യതി 07.12.17	9
2016-17	കെ എസ് എ എ പി എം 15/1812/17 തിയ്യതി 22.06.18	16
2017-18	കെ.എസ്.എ.എം.പി.എം15/260/2019 തിയതി: 29.05.2019	10
2018-19	കെ.എസ്.എ.എം.പി.എം.15/283/2020 തിയതി: 17.06.2020	29
2019-20	കെ.എസ്.എ.എം.പി.എം.15/825/2022 തിയതി: 12.10.2022	11
2020-21	കെ.എസ്.എ.എ.പി.എം.15/1489/2022 തിയതി: 7.10.2022	13
2021-22	കെ.എസ്.എ.എം.പി.എം.15/302/2023 തിയതി: 08.06.2023	12
2022-23	കെ.എസ്.എ.എ.പി.എം.15/1785/2023 തിയതി: 02.02.2024	21

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം.

എംഎ10/2024

Annexure-1
Audit Certificate

i. I have audited the attached Financial statements approved vide resolution number 1 dated 1 dated 28-05-2024 and submitted on 05-06-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Nannambra Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Nannambra Grama Panchayat as on 31-03-2024

Date: 01/11/2024 **Deputy Director**

Kerala State Audit Department

Audit Report appended to the Audit Certificate of Nannambra Grama Panchayat for the Year 2023-2024.

1.Major Observations

2.Other Observations

1. Asset register is not up to date and is not reliable for audit.

2.The following mandatory financial statements prescribed in accounting rules are not submitted for audit.

.Ratios

.Notes on accounts

.Comparative amounts

3.Cashflow statement - Net increase in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.

4.Discrepancies in carrying forward of the closing balance in the previous yearâs balance sheet to current year trial balance opening balance in the category of excess of income over expenditure

5.Lapses in making timely demand entries in respect of tax and non-tax revenue.

6. Beneficiary contribution is not fully utilised in Balance Sheet B-4 Shedule and remains as liability.

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ നന്നമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്